# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടവന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD.19-1336/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 01/11/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD.19-1336/21 തീയ്യതി: 01/11/2021

## പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-07-2020 മുതൽ 13-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രേമാനന്ദ്.എസ്- ഓഡിറ്റ് ഓഫീസർ
സുജാത.പി. -ഓഡിറ്റ് ഓഫീസർ
എസ്.എച്ച്.ഷർഫുദ്ദീൻ -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഞ്ജിത്ത്. ആർ - ഓഡിറ്റർ
കന്തസ്വാമി.ഐ. -ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.എം.സൈരന്ധ്രി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.കെ.എസ്.സക്കീർ ഹുസൈൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ബി.ശ്രീകുമാർ, അസിസ്റ്റന്റ് സെക്രട്ടറി (അഡീഷണൽ ചാർജ്) | സെക്രട്ടറി | 01-04-2020 | 21-04-2020 |
| ശ്രീ.ഉണ്ണികൃഷ്ണൻപിള്ള.പി.ആർ | സെക്രട്ടറി | 22-04-2020 | 25-06-2020 |
| ശ്രീമതി.ശാലിനി.എം. | സെക്രട്ടറി | 26-06-2020 | 09-10-2020 |
| ശ്രീ.ബി.ശ്രീകുമാർ, അസിസ്റ്റന്റ് സെക്രട്ടറി (അഡീഷണൽ ചാർജ്) | സെക്രട്ടറി | 10-10-2020 | 30-10-2020 |
| ശ്രീ.അൻസാരി.എസ്. | സെക്രട്ടറി | 31-10-2020 | 02-03-2021 |
| ശ്രീ.ബി.ശ്രീകുമാർ അസിസ്റ്റന്റ് സെക്രട്ടറി(അഡീഷണൽ ചാർജ്) | സെക്രട്ടറി | 03-03-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| **പേര്** | **ഉദ്യോഗപ്പേര്** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| ശ്രീ.ബഷീർ അഹമ്മദ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ബി.ശ്രീകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷീബ.സി. | വി.ഇ.ഒ.(സർക്കിൾ-I) | 01-04-2020 | 08-10-2020 |
| ശ്രീ.നിജാമുദ്ദീൻ.എ. | വി.ഇ.ഒ.(സർക്കിൾ-I) | 09-10-2020 | 01-02-2021 |
| ശ്രീ.ഷാജി.കെ. | വി.ഇ.ഒ.(സർക്കിൾ-I) | 02-02-2021 | 31-03-2021 |
| ഒഴിവ് | വി.ഇ.ഒ.(സർക്കിൾ-II) | 01-04-2020 | 08-10-2020 |
| ശ്രീമതി.ഷിജി.ഡി. | വി.ഇ.ഒ.(സർക്കിൾ-II) | 09-10-2020 | 31-03-2021 |
| ഡോ.ഡാലി.സി.ഡേവിസ് | വെറ്ററിനറി സർജൻ | 01-04-2020 | 17-05-2020 |
| ഡോ.സതി.കെ.ബി. | വെറ്ററിനറി സർജൻ | 18-05-2020 | 31-03-2021 |
| ഡോ.സുബാഷ് സുബിൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ഷെഹ.എസ്.ആർ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രമീള.പി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ജയപ്രകാശ്.സി.സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 18-05-2020 |
| ശ്രീമതി.ഷീല.ടി.ജി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 19-05-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.ഷെറീഫ്.വൈ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 04-07-2020 |
| ശ്രീമതി.ഉമ.ടി.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 05-07-2020 | 06-01-2021 |
| ശ്രീ.കെ.എസ്.ഉണ്ണി | അസിസ്റ്റന്റ് എഞ്ചിനീയർ | 07-01-2021 | 31-03-2021 |
| ശ്രീ. അനന്തകൃഷ്ണൻ. എം | പ്രധാന അധ്യാപകൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kanthaswami.I (Auditor, On 29-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 24-09-2021)<br>Last Updated By: S. Premanand (Audit Officer, On 15-10-2021) | 1-2 |
| 3 | വാർഷിക കണക്കുകളിലെ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടാത്തത്<br>Written By: S. Premanand (Audit Officer, On 04-10-2021)<br>Last Updated By: Haseena KU (Computer Assistant, On 30-10-2021) | 1-2-1 |
| 4 | രജിസ്റ്റർ സൂക്ഷിക്കാത്തത്<br>Written By: S. Premanand (Audit Officer, On 15-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-10-2021) | 1-2-2 |
| 5 | മുൻകൂർ നൽകിയ തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യാത്തത്<br>Written By: S. Premanand (Audit Officer, On 15-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-10-2021) | 1-2-3 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: S. Premanand (Audit Officer, On 29-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 17-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: S. Premanand (Audit Officer, On 24-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-5 |
| 9 | തൊഴിലുറപ്പു പദ്ധതി<br>Written By: P. Sujatha (Audit Officer, On 01-10-2021)<br>Last Updated By: P. Sujatha (Audit Officer, On 01-10-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Ranjith. R (Auditor, On 02-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-7 |
| 11 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- കൃത്യത ഉറപ്പാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 02-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: S. Premanand (Audit Officer, On 29-09-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: S. Premanand (Audit Officer, On 05-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 29-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-10 |
| 15 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 29-09-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-11 |
| 16 | അനധികൃത നിർമ്മാണം- നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: Kanthaswami.I (Auditor, On 30-09-2021) | 1-12 |
| 17 | അനധികൃത നിർമ്മാണ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിശ്ചയിച്ച് ഈടാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: Kanthaswami.I (Auditor, On 22-10-2021) | 1-12-1 |

| | | |
|---|---|---|
| 18 | കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-12-2 |
| 19 | അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-12-3 |
| 20 | റെഗുലറൈസേഷൻ-രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-13 |
| 21 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-14 |
| 22 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് -ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-15 |
| 23 | ലൈസൻസ് നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-16 |
| 24 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-16-1 |
| 25 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: Kanthaswami.I (Auditor, On 30-09-2021) | 1-16-2 |
| 26 | ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: Kanthaswami.I (Auditor, On 22-10-2021) | 1-16-3 |
| 27 | തൊഴിൽ നികുതി - എല്ലാ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-17 |
| 28 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ക്ഷീര സംഘത്തിന്റെ പാലളവ് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയിട്ടില്-തുക തടസ്സപ്പെടുത്തുന്നു<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-18 |
| 29 | ബി.പി.എൽ കുടുംബാംഗങ്ങൾക്ക് ശൗചാലയം- ആദ്യ ഗഡു കൈപ്പറ്റിയിട്ടും പണിപൂർത്തീകരിച്ചിട്ടില്ല<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-19 |
| 30 | ബി.പി.എൽകുടുംബാംഗങ്ങൾക്ക് ശൗചാലയം- പൊതുവിഭാഗത്തിനും അനുവദിച്ചു<br>Written By: Kanthaswami.I (Auditor, On 30-09-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-20 |
| 31 | വനിതാ കർഷക തൊഴിലാളി സംഘങ്ങൾക്ക് കാർഷിക യന്ത്രം വാങ്ങൽ- അധിക സബ്സിഡി അനുവദിച്ചു | 1-21 |

| | | |
|---|---|---|
| | Written By: Ranjith. R (Auditor, On 29-09-2021)<br>Last Updated By: Ranjith. R (Auditor, On 15-10-2021) | |
| 32 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 29-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-22 |
| 33 | അസി.സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- കട്ടിൽ, പഠനോപകരണങ്ങൾ എന്നിവ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല<br>Written By: Ranjith. R (Auditor, On 30-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-23 |
| 34 | ന്യൂട്രിമിക്സ്- ലാബ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 30-09-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-24 |
| 35 | എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ- രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Ranjith. R (Auditor, On 30-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-25 |
| 36 | വിശപ്പുരഹിത കേരളം പദ്ധതി- വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിച്ചില്ല<br>Written By: Ranjith. R (Auditor, On 02-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-10-2021) | 1-26 |
| 37 | ഹെഡ് മാസ്റ്റർ പ്രൊജക്ടുകൾ നടപ്പാക്കിയില്ല<br>Written By: S. Premanand (Audit Officer, On 01-10-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-27 |
| 38 | ഊട്ടറ ശ്മശാനം- നിർമ്മാണം പൂർത്തീകരിക്കണം<br>Written By: S. Premanand (Audit Officer, On 01-10-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-28 |
| 39 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം<br>Written By: S. Premanand (Audit Officer, On 01-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 14-10-2021) | 1-29 |
| 40 | കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം<br>Written By: S. Premanand (Audit Officer, On 01-10-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-29-1 |
| 41 | കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം<br>Written By: S. Premanand (Audit Officer, On 03-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 14-10-2021) | 1-29-2 |
| 42 | കേരള വാട്ടർ അതോറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം<br>Written By: S. Premanand (Audit Officer, On 03-10-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-29-3 |
| 43 | കോസ്റ്റ് ഫോർഡിസ് നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം<br>Written By: S. Premanand (Audit Officer, On 03-10-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-29-4 |
| 44 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 29-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 14-10-2021) | 1-30 |
| 45 | ബഹുവർഷ പ്രൊജക്ടുകൾ - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 01-10-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-31 |
| 46 | എസ്.സി.പി. പ്രൊജക്ടുകൾ - സാമൂഹ്യ ഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഇല്ലാതെ നടപ്പിലാക്കി<br>Written By: P. Sujatha (Audit Officer, On 01-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 14-10-2021) | 1-32 |

| | | |
|---|---|---|
| 47 | പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം - സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 01-10-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-33 |
| 48 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 01-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 14-10-2021) | 1-34 |
| 49 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല/ കുറവായി ഈടാക്കി<br>Written By: P. Sujatha (Audit Officer, On 02-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 14-10-2021) | 1-35 |
| 50 | പഞ്ചായത്ത് ഓഫീസിന് ചുറ്റുമതിൽ നിർമ്മാണം -എക്സ്ട്രാ ഐറ്റത്തിന് എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു<br>Written By: P. Sujatha (Audit Officer, On 03-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 14-10-2021) | 1-36 |
| 51 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ<br>Written By: P. Sujatha (Audit Officer, On 03-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 14-10-2021) | 1-37 |
| 52 | MGNREGS -മെറ്റീരിയൽ പ്രവൃത്തികൾ -ടി.ഡി.എസ്. ഈടാക്കിയിട്ടില്ല<br>Written By: P. Sujatha (Audit Officer, On 03-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 14-10-2021) | 1-38 |
| 53 | ഗ്രാമപഞ്ചായത്ത് നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Ranjith. R (Auditor, On 07-10-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 1-39 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വനിതാ കർഷക തൊഴിലാളി സംഘങ്ങൾക്ക് കാർഷിക യന്ത്രം വാങ്ങൽ- അധിക സബ്സിഡിയായി അനുവദിച്ച 2,83,692/- രൂപ തിരികെ അടവാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 05-10-2021)<br>Last Updated By: Ranjith. R (Auditor, On 15-10-2021) | 3-1 |
| 2 | പഞ്ചായത്ത് ഓഫീസിന് ചുറ്റുമതിൽ നിർമ്മാണം -എക്സ്ട്രാ ഐറ്റത്തിന് എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു<br>Written By: P. Sujatha (Audit Officer, On 05-10-2021)<br>Last Updated By: S. Premanand (Audit Officer, On 16-10-2021) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 14-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 14-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 28-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 14-10-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 03-10-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 14-09-2021)<br>Last Updated By: S. Premanand (Audit Officer, On 15-09-2021) | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P. Sujatha (Audit Officer, On 14-09-2021)<br>Last Updated By: Haseena KU (Computer Assistant, On 01-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P. Sujatha (Audit Officer, On 14-09-2021)<br>Last Updated By: P. Sujatha (Audit Officer, On 14-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 15-09-2021)<br>Last Updated By: S. Premanand (Audit Officer, On 16-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 14-09-2021)<br>Last Updated By: P. Sujatha (Audit Officer, On 14-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 14-09-2021)<br>Last Updated By: P. Sujatha (Audit Officer, On 14-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S. Premanand (Audit Officer, On 05-10-2021)<br>Last Updated By: S. Premanand (Audit Officer, On 25-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sujatha (Audit Officer, On 14-09-2021)<br>Last Updated By: S. Premanand (Audit Officer, On 25-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷിക കണക്ക് -വിവിധ പത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

25.03.2020 തീയതിയിലെ പ്രത്യേക യോഗത്തിൽ വെച്ച് തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചു. 20.02.2021 തിയതിയിൽ തീരുമാനം 1 പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ബജറ്റിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| | |
|---|---:|
| പ്രാരംഭ ബാക്കി | 42,68,387 |
| തൻ വർഷ വരവ് | 19,49,32,564 |
| ആകെ വരവ് | 19,92,00,951 |
| ചെലവ് | 19,35,30,402 |
| നീക്കിയിരിപ്പ് | 56,70,549 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175, 214, സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കണമെന്ന് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. മേൽ നിർദേശങ്ങൾ തൻവർഷവും പാലിച്ചിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പദ്ധതിയേതര നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അന്തിമമാക്കിയതായി സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എന്തെല്ലാം നിർദേശങ്ങളാണ് എന്നത് മിനിറ്റ്സുകളിൽ ഇല്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഘടക സ്ഥാപന മേധാവികളോട് 16.01.2020 -ൽ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഘടക സ്ഥാപനങ്ങൾ ആരും തന്നെ സമർപ്പിച്ചതായി കാണുന്നില്ല. ബജറ്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.04.2021 | ബാധകമല്ല | ബാധകമല്ല |

### 1-2-1 വാർഷിക കണക്കുകളിലെ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടാത്തത്

1. ശുചിത്വ മിഷൻ (മറ്റ് ഗ്രാന്റുകൾ) ഇനത്തിലെ മുന്നിരിപ്പും നീക്കിയിരിപ്പും വാർഷിക കണക്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും വ്യത്യസ്ഥമാണ്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---:|---:|---:|---:|---:|
| വാർഷിക കണക്ക് പ്രകാരം | 836791 | 1629870 | 2466661 | 397996 | 2068701 |
| രജിസ്റ്റർ പ്രകാരം | 823748 | 1629870 | 2453618 | 397996 | 2055622 |

2. ലേലം, റോഡ് കട്ടിംഗ് ഇനങ്ങളിലെ ഡെപ്പോസിറ്റ് തുക വാർഷിക കണക്കിലും ഡെപ്പോസിറ്റ് രജിസ്റ്ററിലും വ്യത്യാസപ്പെട്ടുകാണുന്നു.

3. താഴെ പറയുന്ന ഇനങ്ങളുടെ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുടെ നീക്കിയിരിപ്പ് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ഹെഡ് | ഇനം | AFS പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---:|
| 340100202 | Supliers' Security Deposit | 25937 |
| 340100301 | Contractors' Retention | 139577 |
| 340109901 | Other Deposit | 21115 |
| 340200199 | Other Deposit - Revenue | 16000 |

| | | |
|---|---|---|
| 340800101 | Deposit Received From Others | 400 |

4. വാട്ടർ ചാർജ്ജിനത്തിൽ പിരിക്കാനുള്ള തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-2-2 രജിസ്റ്റർ സൂക്ഷിക്കാത്തത്

1. KURDFCക്ക് വായ്പയിനത്തിൽ ₹17,826,614/- ബാധ്യതയുള്ളതായി ബാലൻസ് ഷീറ്റിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1-2-3 മുൻകൂർ നൽകിയ തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യാത്തത്

1. ശ്മശാന നിർമ്മാണത്തിനായി കോസ്റ്റ് ഫോർഡിന് മുൻകൂർ ആയി കൈമാറിയ ₹ 13,00,000/- Advance To Costford (460500402) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. നിക്ഷേപ പ്രവൃത്തികൾക്കായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ തുക Advancd To Implementing Agencies(460500202) എന്ന ശീർഷകത്തിൽ കൊണ്ടുവന്നിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8725177 |
| വരവ് | 74585556 |
| ആകെ | 83310733 |
| ചെലവ് | 75759748 |
| നീക്കിയിരിപ്പ് | 7550985 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 9005773 | 9005773 | 8930430 | 75343 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9637491 | 9637491 | 8633394 | 1004097 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 14156000 | 14156000 | 14156000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 2998727 | 457954 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ACR പ്രകാരം) | 0 | 8376353 | 8376353 | 5921580 | 2454773 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - പെർഫോമൻസ് ഗ്രാന്റ് (ടൈഡ്) | 0 | 4470000 | 4470000 | 246000 | 4224000 |
| ജനറൽ പർപസ് ഫണ്ട് | 0 | 8340763 | 8340763 | 8340763 | 0 |

Sourceൽ നിന്നും Deduct ചെയ്ത തുകകളുടെ വിവരങ്ങൾ (2020-21)

| ക്രമ നം. | പ്രൊജക്റ്റ് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 225/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (ജനറൽ) | 871314 | Plan (Gl) |
| 2 | 230/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (ജനറൽ) | 871313 | Plan (Gl) |
| 3 | 166/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 248200 | Plan (Gl) |
| 4 | 223/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 248200 | Plan (Gl) |
| 5 | 229/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 248200 | Plan (Gl) |
| | വികസന ഫണ്ട് (ജനറൽ) ആകെ | 2487227 | |
| 6 | 224/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (SCP) | 161255 | Plan (SCP) |
| 7 | 231/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (SCP) | 161254 | Plan (SCP) |
| | വികസന ഫണ്ട് (എസ്.സി.പി) ആകെ | 322509 | |

പൊരുത്തപ്പെടുത്തൽ:

| | | | |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 9005773 | 2487227 | 11493000 |
| | ACR പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 8930430 | 2487227 | 11417657 |
| | | | |
| വികസന ഫണ്ട് - (എസ്.സി.പി) | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 9637491 | 322509 | 9960000 |
| | ACR പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 8633394 | 322509 | 8955903 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ
1. MNREGS

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Admin | 133086 | 613076 | 746162 | 704084 | 42078 |
| EFMS | 0 | 31666745 | 31666745 | 31666745 | 0 |
| | 133086 | 32279821 | 32412907 | 32370829 | 42078 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS | 598318 | 767,601 | 1365919 | 347,277 | 1018642 |
| ശുചിത്വ മിഷൻ | 836791 | 1629870 | 2466661 | 397960 | 2068701 |

സംസ്ഥാനാവിഷ്കൃതം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 1400000 | 2500000 | 3900000 | 3740000 | 160000 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 126339017 | 151 | 57700184 | 0 | 41 | 78.65 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതി നിർവ്വഹണത്തിലെ പുരോഗതി:

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്കുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 20782599 | 5 | 11742600 | 56.5 |
| വെറ്റിനറി സർജൻ | 4 | 954700 | 4 | 507930 | 53.2 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 6 | 1458795 | 6 | 936199 | 64.18 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 750000 | 2 | 750000 | 100 |
| വി.ഇ.ഒ | 12 | 52462541 | 10 | 9369900 | 17.86 |
| ICDS സൂപ്പർവൈസർ | 5 | 3271646 | 5 | 2865664 | 87.59 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 800000 | 4 | 700000 | 87.5 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 46 | 16591386 | 40 | 9301106 | 56.06 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 93 | 26391540 | 69 | 20307425 | 76.95 |
| ഹെഡ് മാസ്റ്റർ | 5 | 507650 | 0 | 0 | 0 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 2368160 | 6 | 1219360 | 51.49 |
| | 192 | 126339017 | 151 | 57700184 | 45.67 |

അംഗീകാരം ലഭ്യമാക്കുന്ന പ്രൊജക്കുകൾ അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രമിക്കേണ്ടതാണ്. പ്രൊജക്കുകൾ ആവിഷ്കരിക്കുന്നതിലും ഫണ്ട് വകയിരുത്തുന്നതിലും കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതും പദ്ധതി മാർഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. പദ്ധതി ചെലവുകൾ ഓരോ മാസവും അപഗ്രഥിക്കുകയും നടപ്പാക്കാനാകാത്ത പ്രൊജക്കുകൾക്കുള്ള തുകകൾ മറ്റ് പ്രൊജക്കുകൾക്ക് വിനിയോഗിക്കുന്ന വിധത്തിൽ ആസൂത്രണം നടത്തുകയും വേണം. 2020-21 ൽ ലഭ്യമായ ഫണ്ട് ചെലവഴിക്കാതെ ബാക്കിയായതിന്റെ വിവരം ചുവടെ കുടുക്കുന്നു.

| ഫണ്ടിനം | ചെലവഴിക്കാതെ ബാക്കിയായത് |
|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 75343 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 1004097 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 457954 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ACR പ്രകാരം) | 2454773 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - പെർഫോമൻസ് ഗ്രാന്റ് (ടൈഡ്) | 4224000 |

സർക്കാരിൽ നിന്നും ലഭ്യമാവുന്ന ഗ്രാന്റുകൾ അതാതുവർഷം തന്നെ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും കൂട്ടായ ശ്രമം ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Admin | 133086 | 613076 | 746162 | 704084 | 42078 |
| EFMS | 0 | 31666745 | 31666745 | 31666745 | 0 |
| | 133086 | 32279821 | 32412907 | 32370829 | |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 55,00,600 | 383 |
| 2 | വിധവാ പെൻഷൻ | 1,32,73,700 | 859 |
| 3 | വാർദ്ധക്യകാല പെൻഷൻ | 1,79,15,700 | 1300 |
| 4 | വികലാംഗ പെൻഷൻ | 29,82,800 | 198 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 7,56,900 | 50 |

### 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- കൃത്യത ഉറപ്പാക്കേണ്ടതാണ്

23.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണെന്നും മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണെന്നും അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC KSBK 0000101) തിരിച്ചടക്കണമെന്നും വിതരണം ചെയ്യാത്ത തുകയുടെ തിരിച്ചടവ് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നം. 08/24.09.2021 -ന് നൽകിയ മറുപടി പ്രകാരം 2020-21 വർഷം ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയ ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുംവിധമാണ്.

കർഷക തൊഴിലാളി പെൻഷൻ- 24

വാർദ്ധക്യകാല പെൻഷൻ- 86

വിധവാ പെൻഷൻ- 33

വികലാംഗ പെൻഷൻ- 5

പെൻഷനർമാരിൽ നിന്നും തിരിച്ചുപിടിച്ച 22300/-രൂപ അടവാക്കിയതിന്റെ വിവരങ്ങളും സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്യുന്ന പെൻഷനിൽ കൈപ്പറ്റാത്തവ തിരിച്ചടച്ച വിവരങ്ങളും പെൻഷൻ വിതരണത്തിന് ശേഷമുള്ള മരണപ്പെട്ടവരുടെ വിവരങ്ങളും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

<u>നിർദ്ദേശങ്ങൾ</u>

1. മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിലും അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലും അതതു മാസം തന്നെ പെൻഷൻ ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
2. അനർഹമായി കൈപ്പറ്റുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരിച്ചുപിടിച്ച് അടവാക്കേണ്ടതാണ്.
3. വിതരണം ചെയ്യാത്ത തുകയുടെ തിരച്ചടവ് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.9.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2943/- (രണ്ടായിരത്തി തൊള്ളായിരത്തി നാൽപ്പത്തിമൂന്ന് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിനു മുൻപ് വിശദമായി പരിശോധിച്ച് കൃത്യത ഉറപ്പാക്കണം.

കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോഴും വ്യാപാരങ്ങൾക്കും സംരഭക ലൈസൻസ് അനുവദിക്കുമ്പോഴും ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. നികുതികൾ ഡിമാന്റ് ചെയ്യുന്നതും പിരിച്ചെടുക്കുന്നതും കാര്യക്ഷമമാവണം. ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അതാത് സമയങ്ങളിൽ തന്നെ അടവാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷം തന്നെ പൂർണ്ണമായി വിനിയോഗിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ഉറപ്പാക്കണം. ഇതിനായി പദ്ധതി രൂപീകരണം മുതൽ സമയക്രമം പാലിക്കേണ്ടതുണ്ട്. പദ്ധതി മാർഗ്ഗരേഖയിലും ഗ്രാമപഞ്ചായത്തുകളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനായി സർക്കാർ അംഗീകരിച്ച മാർഗ്ഗഗരേഖയിലും പറഞ്ഞിട്ടുള്ള സമയക്രമം പാലിച്ചുകൊണ്ടുള്ള നടപടികൾ വരും വർഷങ്ങളിൽ ഉണ്ടാവണം.

പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിലും നിർവ്വഹിക്കുന്നതിലും പദ്ധതി മാർഗ്ഗരേഖ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. സബ്സിഡി അനുവദിക്കുന്ന പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. രേഖകൾ സൂക്ഷിക്കുന്നതിലും പരിശോധയ്ക്ക് ഹാജരാക്കുന്നതിലും കാര്യക്ഷമത കാണിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥൻ സാധന സാമഗ്രികൾ സമാഹരിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പ്രൊജക്ടുകളിൽ സമാഹരിച്ച മുഴുവൻ സാധനങ്ങളുടെയും വിതരണം നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പാക്കണം. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കണം.

വാങ്ങലുകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ നിർബന്ധമായും പാലിക്കണം. നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായതും കരാറിനനുസൃതമായതുമായ പൂർത്തീകരണം ഉറപ്പാക്കണം.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളും പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകളും കൂടി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.7.21 & 6.7.21 | ജൂൺ 2021 | 6.7.21 |
| അക്കൗണ്ടന്റ് | 2010-11 To 2014-15 | 14.1.16 To | 5.3.16 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | | 29.1.16 | |

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കിയിട്ടുണ്ട്.
പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് ചെയ്യുന്ന കാര്യങ്ങൾ പരിഹരിക്കപ്പെടുന്നുണ്ട്.

**1-11 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

ടെണ്ടർ ഫോം വില ഇനത്തിൽ 15.9.2021 വരെ ലഭ്യമായ ₹153297/- അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, Vadavannur A/C. No. 37356675090) സൂക്ഷിച്ചിരിക്കുന്നു. തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/24-9-2021ന് തനതു ഫണ്ടിലേക്ക് അടവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12 അനധികൃത നിർമ്മാണം- നടപടികൾ സ്വീകരിക്കേണ്ടതാണ്.**

2020-21 വർഷത്തെ അനധികൃത നിർമ്മാണ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളിലായി ചേർക്കുന്നു.

**1-12-1 അനധികൃത നിർമ്മാണ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിശ്ചയിച്ച് ഈടാക്കേണ്ടതാണ്**

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 5 കെട്ടിടങ്ങളാണ് ഉള്ളത്. (വാണിജ്യം 2, പാർപ്പിടം 3). എന്നാൽ അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം 13 കെട്ടിടങ്ങളാണ് നിലവിലുള്ളത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ സഞ്ചയയിൽ ഇല്ലാത്ത അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ഇവ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതും അനധികൃതകെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണം നം. 15/28.09.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദേശം

1. എല്ലാ അനധികൃത കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.
2. അനധികൃതകെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-2 കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല**

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോഴും ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ്, റെഗുലറൈസേഷൻ എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം, ഇവയിൽ നടപടികൾ സ്വീകരിച്ചവ, നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ, അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം എന്നിവ സർക്കാറിനെ അറിയിക്കേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ മേൽ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണം നം. 15/28.09.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദേശം

കെട്ടിടനിർമ്മാണചട്ടം 104 പ്രകാരമുള്ള റിപ്പോർട്ട് ഓരോ 3 മാസം കൂടുമ്പോഴും സർക്കാറിനെ അറിയിക്കേണ്ടതും ഇവ ഫയലാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-12-3 അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്

ശ്രീ.കെ.എസ്.മുഹമ്മദ് ഷരീഫ് മുതൽപ്പേരുടെ ഉടമസ്ഥതയിലുള്ള 911.07 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള, അനധികൃതമായി നിർമ്മിച്ച് പ്രവർത്തിക്കുന്ന 'ഫ്രണ്ട്സ് ഭവൻ' എന്ന കല്യാണ മണ്ഡപത്തിന് 1,03,317/- രൂപ വാർഷിക വസ്തുനികുതിയായി നിശ്ചയിച്ച് 2019-20 വർഷം സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന അനധികൃത നിർമ്മാണം 12/10 എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതിയായി നിശ്ചയിച്ച തുക ഈടാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ 2010-2011 മുതലുള്ള കുടിശ്ശികയും പലിശയുമുൾപ്പെടെ 15,29,295/- രൂപ എ3-803/2019 തീയതി 13.02.2020 നമ്പരായി റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയായും തുക അടവാക്കുകയോ, കെട്ടിടം ക്രമവൽക്കരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ അനധികൃത നിർമ്മാണത്തിനെതിരെ കേരള പഞ്ചായത്ത് രാജ് നിയമം 235ഡബ്ലിയു വകുപ്പ്, 2019 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 96 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/28.09.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 റെഗുലറൈസേഷൻ-രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്

2019 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 92, 93, 94, 95 പ്രകാരം നിർമ്മാണമോ, പുനർനിർമ്മാണമോ അംഗീകൃത പ്ലാൻ അല്ലെങ്കിൽ വ്യതിചലനത്തോടെയുള്ള അംഗീകൃത പ്ലാൻ സമർപ്പിക്കാതെ ആരംഭിക്കുകയോ നടത്തിക്കൊണ്ടിരിക്കുകയോ അല്ലെങ്കിൽ പൂർത്തിയാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ ചട്ട പ്രകാരമാണെങ്കിൽ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം സെക്രട്ടറിക്കുണ്ടായിരിക്കുന്നതാണ്. അപേക്ഷകൻ ക്രമവൽക്കരണത്തിനുള്ള അപേക്ഷ അനുബന്ധം A1-ലെ ഫോറത്തിൽ സമർപ്പിക്കേണ്ടതും ഇതു പരിശോധിച്ച് സെക്രട്ടറി ക്രമവൽക്കരണം ഒരു ലിഖിത ഉത്തരവിലൂടെ അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവൽക്കരണം അനുവദിക്കാനാണ് തീരുമാനമെങ്കിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് അനുബന്ധം-G1- ലേതു പോലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം-G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ വടവന്നൂർ ഗ്രാമ പഞ്ചായത്തിൽ ക്രമവൽക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ചട്ടപ്രകാരമുള്ള അനുബന്ധം-G2 ഫോറത്തിൽ എഴുതി സൂക്ഷിക്കുന്നില്ല. തന്മൂലം ക്രമവൽക്കരിച്ച കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം ഈടാക്കേണ്ട രാജിയാക്കൽ ഫീസിന്റെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണം നം. 16/28.09.2021 ന് ചട്ട പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കുന്നുണ്ടെന്നും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും രജിസ്റ്റർ ലഭ്യമല്ലാത്തതിനാലാണ് രജിസ്റ്റർ സൂക്ഷിക്കാത്തത് എന്നും മറുപടി ലഭിച്ചിട്ടുണ്ട്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും രജിസ്റ്റർ ലഭ്യമായിട്ടില്ലെങ്കിലും ചട്ട പ്രകാരമുള്ള G2 ഫോറത്തിലുള്ള കെട്ടിടത്തിനെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-14 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കേണ്ടതാണ്

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015, 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 എന്നീ വിജ്ഞാപനം പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന തുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 2 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 3 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണം നം. 16/28.09.2021 ന് സർക്കാർ ഉത്തരവ് പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശം

24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ, 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-15 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് -ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്

വടവന്നൂർ ഗ്രാമ പഞ്ചായത്തിൽ തങ്കയം, ചമ്പക്കുളം എന്നീ രണ്ടു കുടിവെള്ള വിതരണ പദ്ധതികളാണ് നിലവിലുള്ളത്. ഇവയുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്ന് പരിശോധിച്ചതിൽ കണ്ടെത്തിയവ താഴെ ചേർക്കുന്നു.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല

സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ വടവന്നൂർ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള 2 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

വാർഷിക കണക്കിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

2019-20 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം 2020-21 വർഷം പിരിച്ചെടുക്കേണ്ട കുടിശ്ശിക 3,34,475/- രൂപയാണ്. എന്നാൽ അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം 3,52,575/- രൂപയുള്ളതായി കാണുന്നു.

കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

തങ്കയം, ചമ്പക്കുളം എന്നീ രണ്ട് പദ്ധതികൾക്ക് കീഴിലായി 250 ഗാർഹിക കണക്ഷനുകളാണ് ഉള്ളത്. ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 100 രൂപയാണ് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. തൻവർഷം 3,75,575/- രൂപ പിരിച്ചെടുക്കാൻ ഉള്ളതായി കാണുന്നു. (അരിയർ- 1,80,900/- കറന്റ്- 1,94,675/-). ഇവ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണം നം. 19/28.09.2021 ന് മറുപടി ലഭിച്ചിട്ടില്ല.

## 1-16 ലൈസൻസ് നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളിലായി ചേർക്കുന്നു.

### 1-16-1 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ, ഉപയോഗിക്കുന്നതിനോ പട്ടിക Iii പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്.

എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | ലൈസൻസ് എടുത്ത വ്യക്തി/ സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന കുതിര ശക്തി (HP) | ഈടാക്കിയ ലൈസൻസ് ഫീ | ഈടാക്കേണ്ട ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | 98, Velayudha Rice Mill | 10 | - | 100 |
| 2 | 111, KCB Rice Mill | 20 | - | 200 |
| 3 | 126, Biju Modern Rice Mill | 111 | | 2000 |
| 4 | 127,Johra Match Factory | 40 | - | 400 |
| 5 | 190, Vasantha Modern Rice Mill | 675 | - | 6750 |
| 6 | 227, Sreelakam Engineering Works | 8 | - | 100 |
| 7 | 214, SS Enterprises | 8 | | 100 |

ലൈസൻസ് ഫീസിനത്തിൽ ലഭ്യമാകേണ്ട തുക സ്ഥാപന ഉടമയിൽ നിന്നും ഈടാക്കേണ്ടതും തുക അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണം നം. 22/28.09.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-16-2 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

2020-21 ലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 234 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റിൽ 181 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരം കാണിക്കുന്ന രജിസ്റ്ററിൽ വിവരം കാലികമാക്കി സൂക്ഷിക്കുന്നില്ല എന്ന് വിലയിരുത്തുന്നു. സ്ഥല പരിശോധന നടത്തി സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് കാലികമാക്കി മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

### 1-16-3 ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന അനേകം സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഏതാനും സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം |
|---|---|---|
| 1 | 52 | Nair Sons Catering |
| 2 | 206 | Menon Caterers |
| 3 | 209 | Ponnus എണ്ണ പലഹാരങ്ങൾ തയ്യാറാക്കി വിൽപ്പന |
| 4 | 113 | അക്ഷയ് ഫുഡ് ഇൻഡസ്ട്രീസ് |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണം നം. 22/28.09.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദേശം

ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഭക്ഷ്യസുരക്ഷാവകുപ്പിൽനിന്നും ഭക്ഷ്യസുരക്ഷാലൈസൻസ്/രജിസ്ട്രേഷൻ എന്നിവ ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### 1-17 തൊഴിൽ നികുതി - എല്ലാ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായോ ഈടാക്കിയതായോ കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ത്തിലെ ജീവന ക്കാരുടെ എണ്ണം |
|---|---|---|
| 1 | Siva Bharathi Match Works | 9 |
| 2 | Biju Modern Rice Mill | 13 |
| 3 | Johra Match Factory | 4 |
| 4 | Vasantha Modern Rice Mill | 9 |
| 5 | SS Enterprises | 8 |
| 6 | MN Garments | 6 |
| 7 | Malabar Match Factory | 15 |
| 8 | Skoda Saw Mill | 6 |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണം നം. 21/28.09.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

<u>1-18 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ക്ഷീര സംഘത്തിന്റെ പാലളവ് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയിട്ടില്-തുക തടസ്സപ്പെടുത്തുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ 4 രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹ 40,000/- ഒരു കർഷകന് നൽകാവുന്നതാണ്. പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 2/15 Dated 19.10.2020 പ്രകാരം വടവന്നൂർ ക്ഷീര വ്യവസായ സഹകരണ സംഘത്തിലെ ജനറൽ വിഭാഗത്തിൽ 173 പേരെയും പട്ടികജാതി വിഭാഗത്തിൽ 49 പേരെയുമാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി അംഗീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ വിശദാംശം താഴെ ചേർക്കുന്നു.

| പ്രൊജക്ട് - പാലിന് സബ്സിഡി | പ്രൊജക്ട് 195/2021 (General) | പ്രൊജക്ട് 202/2021 (SCP) |
|---|---|---|
| അടങ്കൽ | 4,00,000/- (വികസന ഫണ്ട്-3,00,000/- ജില്ലാ പഞ്ചായത്ത്-1,00,000/-) | 2,00,000/- (വികസന ഫണ്ട്-1,00,000/- ജില്ലാ പഞ്ചായത്ത്-1,00,000/-) |
| ചെലവ് | 3,00,000/- | 2,00,000/- |
| ബിൽ നമ്പർ | 1. 5/30.03.2021-2,80,538/- 2. 6/30.03.2021-19,462/- | 1. 3/10.02.2021-1,00,000/- 2. 4/19.03.2021-1,00,000/- |

ബില്ലിൽ, ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡി അനുവദിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്ഷീര സഹകരണ സംഘത്തിൽ കർഷകർ പാൽ എത്ര അളന്നു എന്നതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല. പാലളവ് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 20/28.09.2021 ന് മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,00,000/- രൂപ രേഖകൾ ഹാജരാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ആവശ്യമായ തുക വകയിരുത്തിയിട്ടില്ല

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. വടവന്നൂർ ക്ഷീര വ്യവസായ സഹകരണ സംഘത്തിലെ ജനറൽ വിഭാഗത്തിൽ 173 പേരെയും പട്ടികജാതി വിഭാഗത്തിൽ 49പേരെയുമാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി അംഗീകരിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിരിക്കുന്നത് ജനറൽ വിഭാഗത്തിൽ നാലു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ ഒരു ലക്ഷം രൂപയും മാത്രമാണ്. ഇതിൽ ജില്ലാ പഞ്ചായത്ത് വിഹിതമായ ഒരു ലക്ഷം രൂപ ഫണ്ട് ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല. പാലളവ് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ പദ്ധതി കാലയളവിലെ 04/2020 മുതൽ 03/2021 വരെയുള്ള മാസങ്ങളിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 20/28.09.2021 ന് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-19 ബി.പി.എൽ കുടുംബാംഗങ്ങൾക്ക് ശൗചാലയം- ആദ്യ ഗഡു കൈപ്പറ്റിയിട്ടും പണിപൂർത്തീകരിച്ചിട്ടില്ല

നിർവഹണം. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

| പ്രോജക്ട് നം. | 157 (സ്പിൽ ഓവർ) |
|---|---|
| അടങ്കൽ | ആകെ- 5,44,600/-<br>വികസന ഫണ്ട്- 2,17,600/-<br>കേന്ദ്രാവിഷ്കൃത ഫണ്ട്- 2,08,500/- |
| ചെലവ് | വികസന ഫണ്ട്- 1,56,400/-<br>കേന്ദ്രാവിഷ്കൃത ഫണ്ട്- 2,08,500/- |

കേന്ദ്രവിഹിതം 12,000/- രൂപയും, വികസനഫണ്ട് 3400/- രൂപയും സഹിതം 15,400/- ഒരു ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. ആകെ 71 ഗുണഭോക്താക്കൾക്കാണ് സഹായം നൽകിയിട്ടുള്ളത്. ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആദ്യഗഡു നൽകിയിട്ടുണ്ടങ്കിലും പണി പൂർത്തീകരിച്ച് ഗഡുക്കൾ മുഴുവനും വിതരണം ചെയ്തിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക, തിയതി |
|---|---|---|
| 1 | Parvathy W/O Gopalan | 7500/19.12.19 |
| 2 | Kanthi S/O Pattu | 7500/19.12.19 |
| 3 | Kamakshi Ayyappan | 7500/19.12.19 |
| 4 | Anitha W/O Jayaprakash | 7500/19.12.19 |
| 5 | Devi Chamiyar | 7500/19.12.19 |
| 6 | Appu S/O Kandan | 7500/27.12.19 |
| 7 | Ammalu W/O Mani | 7500/27.12.19 |
| 8 | Ramesh Raman | 7500/06.02.20 |
| 9 | Sumathi Shanmughan | 7500/06.02.20 |
| 10 | Sreenivasan S/O | 7500/06.02.20 |

| | | |
|---|---|---|
| | Velayudhan | |
| 11 | Subhadra Pazhanimala | 7500/12.03.20 |
| 12 | Ramesh Raman | 7500/12.03.20 |
| 13 | Narayanan S/O Kandan | 7500/12.03.20 |
| 14 | Kanchana W/O Vinu | 7500/06.07.20 |
| 15 | Narayanan S/O Mayandi | 7500/- കൈപ്പറ്റിയ വിവരം ലഭ്യമല്ല |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണം നം. 23/28.09.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പണിപൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരിച്ച് പിടിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-20 ബി.പി.എൽകുടുംബാംഗങ്ങൾക്ക് ശൗചാലയം- പൊതുവിഭാഗത്തിനും അനുവദിച്ചു

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവഹണം നടത്തിയ 2020-21 വർഷം സ്പിൽഓവർ പദ്ധതിയായ 'ബി.പി.എൽ കുടുംബാംഗങ്ങൾക്ക് ശൗചാലയം' എന്നത് ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് ശൗചാലയം നിർമ്മിക്കുന്നതിനായി ധനസഹായം (ആകെ 15400/- രൂപ , 12000/- കേന്ദ്ര ഫണ്ട്, 3400/- രൂപ വികസന ഫണ്ട്) നൽകുന്നതിനാണ് ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 157 (സ്പിൽ ഓവർ) |
| അടങ്കൽ | ആകെ- 5,44,600/-<br>വികസന ഫണ്ട്- 2,17,600/-<br>കേന്ദ്രാവിഷ്കൃത ഫണ്ട്- 2,08,500/- |
| ചിലവ് | വികസന ഫണ്ട്- 1,56,400/-<br>കേന്ദ്രാവിഷ്കൃത ഫണ്ട്- 2,08,500/- |

മേൽ പദ്ധതി പ്രകാരം 75 ഗുണഭോക്താക്കൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ആയതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ (ബിപിഎൽ) ഉൾപ്പെടുന്നില്ല.

| ക്രമ നം. | ഗുണഭോക്തൃ പട്ടികയിലെ ക്രമ നം. | പേര് | റേഷൻ കാർഡ് നം |
|---|---|---|---|
| 1 | 19 | സുധ.സി, മൂച്ചിക്കാട് | 1947125603 |
| 2 | 25 | ഷീബ രാജേന്ദ്രൻ | 1947124719 |
| 3 | 67 | ചാമി വേലായുധൻ | 1947084593 |
| 4 | 8 | പ്രേമകുമാരി ഉണ്ണികൃഷ്ണൻ | 1947124040 |
| 5 | 64 | രാമൻ കുഞ്ചൻ | 1947095848 |
| 6 | 69 | ശിവദാസ് ഗോപാലൻ | 1947050236 |
| 7 | 61 | പ്രേമ ചന്ദ്രൻ | 1947125138 |

മേൽ പട്ടികയിലെ 7 ഗുണഭോക്താക്കൾ റേഷൻകാർഡ് പ്രകാരം പൊതുവിഭാഗത്തിൽ (സബ്സിഡി) ഉൾപ്പെടുന്നവരാണ്. ബിപിഎൽ വിഭാഗത്തിലാണെന്നതിന് മറ്റ് രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണം നം. 29/28.09.2021 ന് മറുപടിയായി ഫീൽഡ് പരിശോധന നടത്തി ഉപയോഗിക്കുന്നതിന് ശൗചാലയം ഇല്ലാത്ത വളരെ ദരിദ്ര കുടുംബങ്ങളായിട്ടുള്ളവർക്കും അർഹതപ്പെട്ടവർക്കും തന്നെയാണ് ആനുകൂല്യം നൽകിയിരിക്കുന്നതെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മുൻഗണനാ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ മുൻഗണന തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 വനിതാ കർഷക തൊഴിലാളി സംഘങ്ങൾക്ക് കാർഷിക യന്ത്രം വാങ്ങൽ- അധിക സബ്സിഡി അനുവദിച്ചു

കാർഷിക മേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഉൽപ്പാദന ചെലവ് കുറയ്ക്കുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. പ്രോജക്റ്റ് നം. 36/21 – വടവന്നൂർ വനിതാ കർഷക തൊഴിലാളി സംഘത്തിന് കാർഷിക യന്ത്രം വാങ്ങൽ

അടങ്കൽ - 13,50,000 (വികസ ഫണ്ട് – എസ്.സി.പി)

ചെലവ് - 13,41,720 രൂപ

(ബിൽ നം 35/24.06.2020- 641720 രൂപ, ബിൽ നം 57/06.01.2021- 700000രൂപ)

പദ്ധതി പ്രകാരം ഒരു Seed Drayer വാങ്ങി (Invoice No. PKD62 Dt 27.07.2020 Amount ₹ 13,41,720) അമ്പാടി എസ്.സി വനിതാ ഗ്രൂപ്പ്, മേനങ്ങാത്ത്, വടവന്നൂർ (രജി.നം. PKD/CA/372/2020) എന്ന സംഘത്തിന് കൈമാറിയിട്ടുണ്ട്.

2. പ്രോജക്റ്റ് നം. 128/21-വടവന്നൂർ കാർഷിക തൊഴിലാളി സംഘത്തിന് കാർഷിക യന്ത്രം വാങ്ങൽ എസ്.സി.പി (SO)

അടങ്കൽ -2,50,000 (വികസ ഫണ്ട് – എസ്.സി.പി)

ചെലവ് - 2,50,000 രൂപ (ബിൽ നം 3/15.05.2020- 2,50,000 രൂപ)

പദ്ധതി പ്രകാരം Sakthiman 4 Raw Walk Behind Transplanter വാങ്ങി (Invoice No. PKD 506 Dt 06.02.2020 Amount ₹ 250000) വടവന്നൂർ പഞ്ചായത്ത് എസ്.സി തൊഴിൽസേന (രജി.നം.CA 102/10) എന്ന സംഘത്തിന് കൈമാറിയിട്ടുണ്ട്.

3. പ്രോജക്റ്റ് നം. 140/21-വടവന്നൂർ വനിതാ കർഷക തൊഴിലാളി സംഘത്തിന് കാർഷിക യന്ത്രം വാങ്ങൽ (SO)

അടങ്കൽ -12,50,000 രൂപ (വികസ ഫണ്ട് എസ്.സി.പി)

ചെലവ് - 12,45,207 (ബിൽ നം 1/15.05.2020- 995207 രൂപ, ബിൽ നം. 2/15.05.2020- 250000 രൂപ)

പദ്ധതി പ്രകാരം John Dheere 5050D 4WD Model Tractor, Rotavator 42 Blade (Invoice No. PKD 504 Dt 06.02.2020 Amount ₹ 995207), Sakthiman 4 Raw Walk Behind Transplanter (Invoice No. PKD 505 Dt 06.02.2020 Amount ₹ 250000) എന്നിവ വാങ്ങി അമ്പാടി എസ്.സി വനിതാ ഗ്രൂപ്പ്, മേനങ്ങാത്ത്, വടവന്നൂർ (രജി.നം. PKD/CA/372/2020) എന്ന സംഘത്തിന് കൈമാറിയിട്ടുണ്ട്.

Kerala Agro Industries Corporation Ltd (KAICO), Kalmandapam, Palakkad എന്ന സ്ഥാപനത്തിൽ നിന്നുമാണ് മേൽ യന്ത്രങ്ങൾ നേരിട്ട് വാങ്ങിയിട്ടുള്ളത്. അമ്പാടി എസ്.സി വനിതാ ഗ്രൂപ്പിന് 36/21, 140/21 എന്നീ പ്രോജക്റ്റുകളിലായി 25,86,920/- രൂപയുടെ യന്ത്രങ്ങളും വടവന്നൂർ പഞ്ചായത്ത് എസ്.സി തൊഴിൽസേനയ്ക്ക് 140/21 എന്ന പ്രോജക്റ്റ് പ്രകാരം 2,50,000/- രൂപയുടെ യന്ത്രവും ഉൾപ്പെടെ ആകെ 28,36,920 രൂപയുടെ യന്ത്രങ്ങളാണ് വാങ്ങി നൽകിയിട്ടുള്ളത്.

14.02.2018 ലെ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.8 പ്രകാരം യന്ത്രങ്ങൾ വാങ്ങുന്നതിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 90 ശതമാനമാണെന്നിരിക്കെ 100 ശതമാനം സബ്സിഡി അനുവദിച്ചതിലൂടെ വികസനഫണ്ടിന് 2,83,692/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതുതായി രൂപീകരിക്കുന്ന കാർഷിക കർമ്മസേനകൾക്ക് 3 ലക്ഷം രൂപയുടെ യന്ത്രങ്ങളാണ് അനുവദിക്കാനാവുക എന്നിരിക്കെ അമ്പാടി എസ്.സി വനിതാ ഗ്രൂപ്പിന് (രജി.നം.PKD/CA/372/2020) 25,86,920/- രൂപയുടെ യന്ത്രങ്ങൾ അനുവദിച്ചു നൽകിയത് സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-22 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്

വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ സമർപ്പിച്ച റിപ്പോർട്ട് സംക്ഷിപ്തം ചുവടെ

ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 17 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 16 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 1 |
| 4 | കെട്ടിടത്തിന്റെ തരം-കോൺക്രീറ്റ് | 10 |
| | കെട്ടിടത്തിന്റെ തരം-ഓടിട്ടത് | 7 |
| 5 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 1 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | 6 |
| 7 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 2 |
| 8 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 1 |
| 9 | ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഇല്ലാത്തവ | 17 |
| 10 | ഫാൻ ഇല്ലാത്തവ | 2 |

2020-21 വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ്-ന് കീഴിലുള്ള പദ്ധതികൾക്കായി 10,18,642/- രൂപ കേന്ദ്ര വിഹിതം ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/ത.സ്വ.ഭ.വ തിയതി 3-9-2010 അനുസരിച്ച് കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്.

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മാർഗനിർദേശങ്ങളനുസരിച്ച് തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 2/15.09.2021)

## 1-23 അസി.സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- കട്ടിൽ, പഠനോപകരണങ്ങൾ എന്നിവ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല

1. പ്രോജക്റ്റ് നം: 33/21 വൃദ്ധർക്ക് കട്ടിൽ

അടങ്കൽ : 582900 (എസ്.സി.പി)

ചെലവ് : 221342

ബിൽ നം : 07/26.03.2021

മേൽ പദ്ധതി പ്രകാരം 51 കട്ടിലുകൾ SIDCO യിൽ നിന്നും കട്ടിലൊന്നിന് 4340 രൂപ നിരക്കിൽ നേരിട്ട് വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം.PKD/20-21/130 Dt 16.01.21). വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 48 എണ്ണം മാത്രമാണ് വിതരണം ചെയ്തതെന്ന് കാണുന്നു. 3 കട്ടിലുകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുണ്ട്.

2. പ്രോജക്റ്റ് നം: 28/21 എട്ടാം തരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ (എസ്.സി)

അടങ്കൽ : 325000 (എസ്.സി.പി)

ചെലവ് : 224613

ബിൽ നം : 06/19.02.2021

മേൽ പദ്ധതി പ്രകാരം 45 ടേബിൾ, 45 ചെയർ എന്നിവ SIDCO യിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.

എ. ഇൻവോയ്സ് നം.PKD/20-21/113 Dt 07.11.20- 116997 (Table 15, Chair 45)

ബി. ഇൻവോയ്സ് നം.PKD/20-21/114 Dt 17.11.20- 107616 (Table 30)

വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 44 സെറ്റ് മാത്രമാണ് വിതരണം ചെയ്തതെന്ന് കാണുന്നത്. ഒരു ചെയറും ഒരു ടേബിളും പഞ്ചായത്ത് പരിസരത്ത് സൂക്ഷിച്ചിട്ടുണ്ട്.
ഫർണീച്ചറുകൾ പൂർണ്ണമായി വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 9/24.09.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
അർഹരായ ഗുണഭോക്താക്കൾക്ക് മേൽ ഫർണീച്ചറുകൾ വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. വിതരണം പൂർത്തിയാക്കുന്നതുവരെ 13020 (3 Cot) +4992 (1 Table + 1 Chair)= 18012 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>1-24 ന്യൂട്രിമിക്സ്- ലാബ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്</u>

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010-ലെ ഐ.സി.ഡി.എസ്-ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശു വികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നുള്ള 26-3-13-ലെ നം.ഐ.സി.ഡി.എസ്/3458/12 നമ്പർ കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12-ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.Of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2020-21 വർഷത്തിൽ 6 മാസം മുതൽ 3 വയസുവരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി വടവന്നൂർ ഗ്രാമ പഞ്ചായത്തിൽ അനുഗ്രഹ & ലക്ഷ്മി, മറുതലപ്പറമ്പ്, പെരുവെമ്പ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. ഭക്ഷ്യമിശ്രിതം പരിശോധന നടത്തിയതിന്റെ ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/15.09.2021 -ന് 2020-21 വർഷം അയച്ചുനൽകിയ സാമ്പിളുകൾക്ക് നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.
ഗുണനിലവാരം ഉറപ്പാക്കി മാത്രം ന്യൂട്രിമിക്സ് വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-25 എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ- രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു</u>

എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് അസി.സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 27/21 എസ്.സി കുടുംബങ്ങൾക്ക് ഹൗസ് കണക്ഷൻ (മുൻവർഷ ഗുണഭോക്താക്കൾക്ക് തുക നൽകൽ)
അടങ്കൽ: 179340 (SCP)
ചെലവ് : 179340
(ബിൽ നം.4/15.05.20)

വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുണ്ട്. തുക കൈമാറുമ്പോൾ കരാറിൽ ഏർപ്പെട്ടിട്ടില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

2. 138/21 എസ്.സി കുടുംബങ്ങൾക്ക് ഹൗസ് കണക്ഷൻ (SO)
അടങ്കൽ: 382660 (SCP)
ചെലവ് : 382660
(ബിൽ നം.1/15.05.20 ₹ 128047/-)

(ബിൽ നം.2/15.05.20 ₹ 254613/-)

വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുണ്ട്. 254613/- രൂപ നൽകിയതിന് മാത്രമാണ് കരാർ ചമച്ചിട്ടുള്ളത്. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

3. 121/21 എസ്.സി കുടുംബങ്ങൾക്ക് ഹൗസ് കണക്ഷൻ (SO)

അടങ്കൽ: 128000 (SCP)

ചെലവ് : 108000

(ബിൽ നം.3/15.05.20 ₹ 66000/-)

(ബിൽ നം.5/16.06.20 ₹ 30000/-)

(ബിൽ നം.11/31.03.21 ₹ 12000/-)

വാട്ടർ അതോറിറ്റിയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ ബിൽ നം.11/31.03.21 പ്രകാരമുള്ള ചെലവിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

28.12.2018-ലെ ഡിഎ1/881/2018/തസ്വഭവ നമ്പർ സർക്കുലറിൽ കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക കൈമാറാവൂ എന്നും തുകയുടെ ഉപയോഗവും പ്രോജക്ട് നിർവഹണവും സംബന്ധിച്ച് മോണിറ്ററിംഗ് തദ്ദേശ സ്ഥാപനങ്ങൾ നടത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

27/21 , 138/21 എന്നീ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ്, പ്രോജക്ട് നിർവഹണവും സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവയും 121/21 നമ്പർ പ്രോജക്ടിൽ ബിൽ നം.11/31.03.21 പ്രകാരമുള്ള ചെലവ് രേഖകളും ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/25.09.2021 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാത്തതിനാൽ 27/21 നമ്പർ പ്രോജക്ടിന് ചെലവഴിച്ച 179340 രൂപയും 138/21 നമ്പർ പ്രോജക്ടിന് ചെലവഴിച്ച 382660 രൂപയും 121/21 നമ്പർ പ്രോജക്ടിലെ ബിൽ നം. 11 പ്രകാരം ചെലവഴിച്ച 12000 രൂപയും തടസ്സപ്പെടുത്തുന്നു.
രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വിശപ്പുരഹിത കേരളം പദ്ധതി- വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിച്ചില്ല

നിർവഹണം : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം : 99/21 – വിശപ്പുരഹിത കേരളം

അടങ്കൽ : 560260 (എസ്.സി.പി)

ചെലവ് : 103405

ബിൽ നം. 08/28.03.2021- 49783/-

10/31.03.2021- 49792/-

09/31.03.2021-3830/-

മേൽ പദ്ധതി പ്രകാരം ജനകീയ അടുക്കളയ്ക്ക് പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ബിൽ നം. 08/28.03.2021 പ്രകാരം ശ്രീകൃഷ്ണ മെറ്റൽസ് മാർക്കറ്റ് റോഡ്, പാലക്കാട് എന്ന സ്ഥാപനത്തിന് 49782/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 09480400005151 IFSC BARB0PALGHA). Invoice No R3642 Dt 11.03.2021 പ്രകാരം 28 ഇനം പാത്രങ്ങളാണ് വാങ്ങിയിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ ഉൾപ്പെടുന്ന പ്രോക്യൂർമെന്റ് മാർഗ്ഗരേഖ സ.ഉ(പി)നം.259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ 25000/- രൂപയ്ക്ക് മുകളിലും 100000/- രൂപയ്ക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ രീതി അവലംബിക്കേണ്ടതാണ്. വാങ്ങേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ നിശ്ചയിക്കുകയോ ടെണ്ടർ ക്ഷണിക്കുകയോ ചെയ്തിട്ടില്ല. ശ്രീകൃഷ്ണ മെറ്റൽസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ലിമിറ്റഡ് ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെയാണ് വാങ്ങൽ

നടത്തിയിട്ടുള്ളത്. വാങ്ങിയ പാത്രങ്ങൾ സ്റ്റോക്കിൽ എടുത്തതായോ വിതരണം ചെയ്തതായോ കാണുന്നില്ല.

2. ബിൽ നം. 10/31.03.2021 പ്രകാരം ഗൃഹലക്ഷ്മി, പൊള്ളാച്ചി റോഡ്, കൊല്ലങ്കോട് എന്ന സ്ഥാപനത്തിന് 49792/- രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 0036083000040480 IFSC SIBL0000036). Invoice No C-1778 Dt 23.03.2021 പ്രകാരം ഫ്രിഡ്ജ്, മിക്സർ ഗ്രൈൻഡർ, ഗ്രൈൻഡർ, സീലിംഗ് ഫാൻ, കോക്കനട്ട് സ്ക്രാപ്പർ എന്നീ ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്. വാങ്ങേണ്ട ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ നിശ്ചയിക്കുകയോ ലിമിറ്റഡ് ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഗൃഹലക്ഷ്മി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതായോ വിതരണം ചെയ്തതായോ കാണുന്നില്ല.

3. ബിൽ നം. 9/31.03.2021 പ്രകാരം 3830/- ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/25.09.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ 103405/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഹെഡ് മാസ്റ്റർ പ്രൊജക്ടുകൾ നടപ്പാക്കിയില്ല

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി അഞ്ച് പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. പദ്ധതികൾ നടപ്പാക്കാത്തതിന്റെ കാരണം അന്വേഷിച്ച് 24-09-2021ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.10) മറുപടിയിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ വിദ്യാലയങ്ങൾ തുറന്ന പ്രവർത്തിക്കാത്തതിനാലാണ് പ്രൊജക്ടുകൾ നടപ്പിലാക്കാൻ സാധിക്കാത്തത് എന്ന് വിശദീകരിച്ചിട്ടുണ്ട്.

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ജി.എൽ.പി സ്കൂൾ, ജി.എം.എൽ.പി സ്കൂൾ എന്നീ സർക്കാർ സ്കൂളുകളാണുള്ളത്. നിലവിൽ 2 സ്കൂളുകൾക്കും സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ ഇവ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതുമൂലം എസ്എസ്എ വഴിയുള്ള പദ്ധതികൾ, സ്മാർട്ട് ഡിജിറ്റൽ ക്ലാസ്സ് റൂം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. വാടക കെട്ടിടമായതിനാൽ സ്കൂളുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താനും കഴിയുന്നില്ല. സ്വന്തമായി സ്ഥലം വാങ്ങുവാൻ ഭരണസമിതി വർഷങ്ങളായി ശ്രമം നടത്തുന്നുണ്ടെങ്കിലും വിജയിച്ചിട്ടില്ല.

കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അത് വാങ്ങുന്നതിനുള്ള നടപടികൾ തുടരേണ്ടതാണ്. സ്കൂളുകൾക്കാവശ്യമായ സ്ഥലം സംഭാവനയായി ലഭ്യമാക്കാനുള്ള ശ്രമവും നടത്താവുന്നതാണ്.

## 1-28 ഊട്ടറ ശ്മശാനം- നിർമ്മാണം പൂർത്തീകരിക്കണം

രണ്ടു വർഷം കൊണ്ട് പൂർത്തീകരണം ലക്ഷ്യമിട്ട് 2019-20 ൽ ആവിഷ്കരിച്ച ഊട്ടറ ശ്മശാനം സ്ഥാപിക്കൽ എന്ന പ്രൊജക്ട് നാളിതുവരെ പൂർത്തീകരിക്കാനായിട്ടില്ല.

പ്രൊജക്ട്: 37/2021: ഊട്ടറ ശ്മശാനം സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

| | ധനകാര്യ കമ്മീഷൻ അവാർഡ് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ആകെ |
|---|---|---|---|
| അടങ്കൽ | 4172000 | 2328000 | 6500000 |
| ചെലവ് | 0 | 1300000 | 1300000 |
| വൗച്ചർ നമ്പർ | | 22000463/20.8.20 | |

2019-20ൽ ബഹു വർഷ പ്രൊജക്ടായി അംഗീകാരം ലഭിച്ച (പ്രൊജക്ട് നം.207/20) ഈ പദ്ധതിക്കായി അംഗീകാരം ലഭ്യമാക്കുമ്പോൾ 2019-20ൽ 64,23,733/- (CFC- 423733, ബ്ലോക്ക് വിഹിതം- 2000000, ജില്ലാ

പഞ്ചായത്ത് വിഹിതം- 4000000) 2020-21ൽ 1442986/- (CFC) എന്നിങ്ങനെ ആകെ ₹7866719/- തുക വകയിരുത്തിയത്. അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡ്(Centre Of Science & Technology For Rural Development) മുഖേന പ്രൊജക്ട് നടപ്പാക്കാൻ ലക്ഷ്യമിട്ടു. കോസ്റ്റ് ഫോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് 8000000/- രൂപയുടേതാണ്. എന്നാൽ 2019-20ൽ എഗ്രിമെന്റ് ഒപ്പുവെച്ചിട്ടില്ല.

11.06.2020ൽ സെക്രട്ടറിയുടെ അപേക്ഷയിൽ ചുറ്റമതിൽ, വാതക ശ്മശാനം എന്നിവയ്ക്കായി പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകണമെന്ന് കോസ്റ്റ്ഫോർഡിനോട് ആവശ്യപ്പെട്ടു. കെട്ടിടം നിർമ്മാണം, ഗ്യാസ് ഫർണ്ണസും ജനറേറ്ററും, പ്ലമ്പിങ്ങും സാനിറ്ററി ഫിറ്റിങ്സും, വൈദ്യുതീകരണം എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി ₹6500000/-ന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 8.7.2020ന് ടെക്നിക്കൽ സാങ്ഷൻ ലഭ്യമാക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ്ഫോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറും 30.7.2020ന് 13/2020-21 നമ്പർ കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറിൽ 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കോസ്റ്റ് ഫോർഡ് വാഗ്ദാനം ചെയ്തിട്ടുണ്ട്.

കരാറിന്റെ അടിസ്ഥാനത്തിൽ 20.08.2020ന് എസ്റ്റിമേറ്റിന്റെ 20% തുക അതായത്, ₹13,00,000/- (വൗച്ചർ നം.22000463/20.8.20) ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും Costford ന് കൈമാറിയിട്ടുണ്ട്. കൂടാതെ പ്രൊജക്ട് നം.219/21: ഊട്ടറ ശ്മശാനത്തിലേക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് കോസ്റ്റ് ഫോർഡ് അടവാക്കിയ തുക തിരികെ നൽകൽ എന്ന പ്രൊജക്ട് പ്രകാരം ₹100,446/- CFC ഗ്രാന്റിൽ നിന്നും (ബിൽ നം.16/Vol.2/20.03.21) കോസ്റ്റ് ഫോർഡിന് നൽകിയിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല എന്ന് 13.01.2021, 23.2.2021 എന്നീ തീയതികളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി COSTFORDന് അയച്ച കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

പ്രൊജക്ടിന്റെ നിലവിലെ അവസ്ഥ അന്വേഷിച്ചുകൊണ്ട് 18-09-2021ന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5നുള്ള മറുപടിയിൽ നിർമ്മാണം പുരോഗമിക്കുന്നുണ്ട്, കെട്ടിടത്തിന്റെ വാർപ്പ് പൂർത്തീകരിച്ചിട്ടുണ്ട്, കോവിഡ് കാരണം സർക്കാർ ഏർപ്പെടുത്തിയ ലോക്ക്ഡൗണാണ് പൂർത്തീകരണം വൈകിയത് എന്നിങ്ങനെ വിശദീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കോസ്റ്റ് ഫോർഡ് അറിയിച്ചതായും മറുപടിയിൽ ഉണ്ട്.

പ്രവൃത്തി പൂർത്തീകരിച്ച് ശ്മശാനം പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-29 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം

2020-21 വർഷം വിവിധ പദ്ധതികളുടെ നടത്തിപ്പിനായി മറ്റ് സ്ഥാപനങ്ങൾക്കും നിർവ്വഹണ ഏജൻസികൾക്കും നൽകിയ തുകളുടെ വിനിയോഗ സാക്ഷ്യപത്രവും കരാർ പ്രകാരം പദ്ധതി പൂർത്തീകരിക്കുമ്പോൾ ഗ്രാമപഞ്ചായത്തിന് നൽകേണ്ട രേഖകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെയുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്നു.

## 1-29-1 കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

പ്രൊജക്ട് നം.221/21: പ്രധാന മന്ത്രി ആവാസ് യോജന ഗ്രാമീണ പദ്ധതിക്ക് വിഹിതം നൽകൽ എന്ന പ്രൊജക്ട് പ്രകാരം ₹2,07,000/- കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ജനറൽ വിഭാഗത്തിലെ 6 പേർക്ക് 70000/- വീതം ₹4,20,000/- ആവശ്യമുള്ളതിൽ നേരത്തെ നൽകിയ വിഹിതത്തിൽ ബാക്കിയുള്ള 2,13,000/- കഴിച്ച് ബാക്കി ₹207,000/- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ചാണ് തുക നൽകിയത്. നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബിൽ നം.32/Vol.2/31.03.21 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകുകയാണുണ്ടായത്. തുക നൽകുമ്പോൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം.

## 1-29-2 കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം

ലഭ്യമാക്കണം

വിവിധ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനും വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുമായി 8 പ്രവൃത്തികൾക്ക് വടവന്നൂർ ഗ്രാമപഞ്ചായത്ത് 2020-21 വർഷം കേരള സംസ്ഥാന വൈദ്യുതി ബോർഡിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത്. വിനിയോഗ രേഖകൾ ലഭ്യമാക്കാത്ത പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ബിൽ നം./ ചെക്ക് നം. | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക/ സെക്ഷൻ |
|---|---|---|---|---|
| 101/21: കണ്ടുക്കാട് പുത്തൻതറ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കലിന്റെ ബാക്കി തുക നൽകൽ | 22,176 CFC | 52/11.8.20 | 0 | 22176 വടവന്നൂർ |
| 102/21: കൊല്ലംപോറ്റ അങ്കണവാടിയുടെ മുകളിലൂടെ പോകുന്ന ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ | 32,352 CFC | 41/10.7.21 | 0 | 32,352 വടവന്നൂർ |
| 141/21: കുണ്ടുമ്പറമ്പ്, മാനംഷി, തുമ്പിക്കാട്, കാക്കറക്കളം ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 100,666 CFC | 37/15.7.20 | 0 | 100,666 വടവന്നൂർ |
| 142/21: വടകരപ്പാല കരുവത്ത് കുളമ്പ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 65068/- CFC | 36/15.7.20 | 0 | 65,068 പുതുനഗരം |
| 170/21: കണ്ടുക്കാട് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 8000/- CFC | | 0 | 8000/- |
| 171/21: പുത്തന്തറ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 13,257/- CFC | | 0 | 13,257/- |
| 220/21:പുത്തന്തറ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 28,560/- CFC | | 0 | 28,560/- |

കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉണ്ടാക്കിയ കരാർ പ്രകാരം പണി പൂർത്തിയാക്കി രണ്ടാഴ്ച്ചയ്ക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും ഗ്രാമപഞ്ചായത്തിന് നൽകുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. ഈ രേഖകളോടൊപ്പം കൈപ്പറ്റിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

1-29-3 കേരള വാട്ടർ അതോറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

2020-21 വർഷത്തിൽ വടവന്നൂർ ഗ്രാമപഞ്ചായത്തിൽ 3 കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് തുക നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ബിൽ നം./ ചെക്ക് നം. | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | തുക | | | തുക/ സെക്ഷൻ |
|---|---|---|---|---|---|
| KWA | 196/21: മേലേ മീനിക്കോട് എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് | 300,000/- Plan (SCP) | 40/10.7.20 | 0 | 300,000/- |
| KWA | 197/21: വടകന്യപുരം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് | 150,000/- CFC | 9/Vol-2/ 19.2.21 | 0 | 150,000/- |
| KWA | 218/21: കൗണ്ടൻ കുളമ്പിലേക്ക് കുടിവെള്ള പൈപ്പ്ലൈൻ നീട്ടുന്നതിന് കേരള വാട്ടർ അതോറിറ്റിയിലേക്ക് ഡെപ്പോസിറ്റ് ചെയ്യൽ | 96000/- CFC | 1/Vol2/ 23.12.20 | 0 | 96000/- |

കേരള വാട്ടർ അതോറിറ്റി പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഒപ്പുവെച്ച കരാർ പ്രകാരം 31.3.21ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ പണി പൂർത്തിയാക്കി രണ്ടാഴ്ച്ചയ്ക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും ഗ്രാമ പഞ്ചായത്തിന് നൽകുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല. കരാർ പ്രകാരമുള്ള രേഖകളും കൈപ്പറ്റിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

### 1-29-4 കോസ്റ്റ് ഫോർഡിസ് നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ബിൽ നം./ ചെക്ക് നം. | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കിയുള്ള തുക/ സെക്ഷൻ |
|---|---|---|---|---|---|
| Costford | 232/21: എം.ജി.ആർ. കമ്മ്യൂണിറ്റി ഹാളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ | 342,300/- CFC | 32/8.6.20 | 0 | 342,300/- |
| Costford | 219/21: ഊട്ടറ വാതക ശ്മശാനത്തിലേക്ക് വൈദ്യുത കണക്ഷൻ എടുക്കുന്നതിന് കോസ്റ്റ്ഫോർഡ് അടവാക്കിയ തുക തിരികെ നൽകൽ | 100,446/- CFC | 16/20.3.21 | 0 | 100,446/- |
| Costford | 37/21: ഊട്ടറ ശ്മശാനം സ്ഥാപിക്കൽ | 13,00,000/- ബ്ലോക്ക് വിഹിതം | 22000463/ 20.8.20 | 0 | 13,00,000/- |

പട്ടികയിൽ കാണിച്ചിരിക്കുന്ന 3 പ്രവൃത്തികൾക്കായി നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം കോസ്റ്റ് ഫോർഡിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

### 1-30 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 93 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 69 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ പ്രവൃത്തികൾ 43 സ്പിൽ ഓവർ പ്രവൃത്തികളും 50പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹26391540 വകയിരുത്തിയതിൽ ₹20307425ആണ് ചെലവഴിച്ചിട്ടുള്ളത്. 76.95% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹6084115 പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി. മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 60000 | 0 | 60000 |
| പൊതുവിഭാഗം(എസ്.സി.പി) | 2471888 | 1916007 | 555881 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3955690 | 3492142 | 463548 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1004630 | 0 | 1004630 |
| തനതു ഫണ്ട് | 73112 | 0 | 73112 |
| മെയി.ഫണ്ട്(റോഡ്) | 17424790 | 14156000 | 3268790 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 1401430 | 743276 | 658154 |
| ആകെ | 26391540 | 20307425 | 6084115 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്റ്റിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

3. ആസ്തി രജിസ്ററർ 2019-20 വർഷം വരെ കാലികമാക്കിയിട്ടുണ്ട്.

4. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ തിയതി ചേർക്കുന്നില്ല.

5. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം/തിയതി എഴുതുന്നില്ല.

<u>9. എ. പ്രോജക്ടുകളുടെ ആധിക്യം</u>

സ്പിൽഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 93 മരാമത്ത് പ്രവൃത്തികളിൽ 43 എണ്ണം (46%) സ്പിൽഓവർ പ്രോജക്ടുകളാണ്.

<u>ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം</u>

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗ് പദ്ധതികൾക്കുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 93 മരാമത്ത് പ്രവൃത്തികളിൽ 52 എണ്ണം ടാറിംഗും 3 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുമാണ്. 10 എണ്ണം ഇന്റർലോക്ക് പ്രവൃത്തികളുമാണ്.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/24-9-2021ന് നിലവിൽ ആസ്തി രജിസ്റ്ററിൽ ഇരട്ടിപ്പുകളോ തെറ്റുകളോ ആയ നിരവധി പാകപിഴകൾ കൂടിയിട്ടുണ്ട് എന്നും ആയതിന് പരിഹാരമായി സർക്കാർ തലത്തിൽ ഇടപെടൽ ഉണ്ടാവുകയും GPS സംവിധാനം ഉപയോഗിച്ചുള്ള ഒരു അപ്ലിക്കേഷൻ വഴി കൂടുതൽ മെച്ചപ്പെട്ട ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനു വേണ്ട പരിശീലനങ്ങൾ നടന്നു വരുന്നു എന്നും മറ്റുള്ള തദ്ദേശ സ്ഥാപന ആസ്തികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് കത്ത് നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു എന്നും മറ്റുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ആവിഷ്ക്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-31 ബഹുവർഷ പ്രൊജക്ടുകൾ - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി മാർഗ്ഗ രേഖ സ.ഉ.(കൈ)നം.11/2018 തസ്വഭവ തിയതി, 29-1-2018 ൽ ബഹുവർഷ പ്രൊജക്ടുകൾ രൂപീകരിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. മാർഗ്ഗരേഖ ഖണ്ഡിക 3.5.2 പ്രകാരം ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നവയെ ഏകവർഷ പ്രൊജക്ടുകളെന്നും നിർവഹണത്തിന് ഒരു വർഷത്തിലധികം സമയം ആവശ്യമായി വരുന്നവയെ ബഹു വർഷ പ്രൊജക്ടുകളായി തരം തിരിക്കാവുന്നതാണ്. ബഹുവർഷ പ്രൊജക്ടിൽ ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനു വേണ്ടി വരുന്ന അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രൊജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കണം. ബഹുവർഷ പ്രൊജക്ടിന്റെ എല്ലാ ഘടകങ്ങളും ഒരുമിച്ച് തയ്യാറാക്കി, പരിശോധന നടത്തി സാങ്കേതിക അനുമതി നൽകുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. അതായത്, ഒരു ബഹുവർഷ നിർമ്മാണ പ്രൊജക്ടിനോടൊപ്പം വിവിധ വർഷങ്ങളിലായി ചെയ്യാനുദ്ദേശിക്കുന്ന മൊത്തം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഉണ്ടാവണം. മൊത്തം പ്രവൃത്തിയുടെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി ആദ്യ വർഷം തന്നെ വാങ്ങേണ്ടതാണ്.

എന്നാൽ കുറഞ്ഞ അടങ്കൽ തുകയുള്ള, പൂർത്തീകരണ കാലാവധി 6 മാസമോ 12മാസമോ ഉള്ള പ്രവൃത്തികളും ബഹുവർഷ പ്രൊജക്ടുകളായി ഉൾപ്പെടുത്തിയാണ് ഗ്രാമപഞ്ചായത്തിൽ നിർവഹണം നടത്തിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രൊജക്ട് നം.S0045/21 -മാനുഷി എസ്.സി കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ, ഇന്റർലോക്ക്
അടങ്കൽ -₹.325000 -പ്ലാൻ(എസ്.സി.പി)
പ്രവൃത്തി പൂർത്തീകരണ കാലാവധി ടി.എസ്.പ്രകാരം -6 മാസം
2. പ്രൊജക്ട് നം.S00137/21 -മുട്ടിച്ചിറ നേരുകുളം എസ്.സി കോളനി റോഡ് ഇന്റർലോക്ക്
അടങ്കൽ -₹. 200000 -പ്ലാൻ(എസ്.സി.പി)
പ്രവൃത്തി പൂർത്തീകരണ കാലാവധി ടി.എസ്.പ്രകാരം -12 മാസം
3. പ്രൊജക്ട് നം.S0048/21 -കോരാത്ത്പറമ്പ് എസ്.സി.കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ
അടങ്കൽ -₹.200000 -പ്ലാൻ(എസ്.സി.പി)
പ്രവൃത്തി പൂർത്തീകരണ കാലാവധി ടി.എസ്.പ്രകാരം -12 മാസം
4. പ്രൊജക്ട് നം.S0049/21 -മരുതംപാടം റോഡ് മെറ്റലിംഗ് & ടാറിംഗ്
അടങ്കൽ -₹. 520000 -MG(R)
പ്രവൃത്തി പൂർത്തീകരണ കാലാവധി ടി.എസ്.പ്രകാരം -6 മാസം
5. പ്രൊജക്ട് നം.S0059/21 -ഗായത്രി നഗർ തിയേറ്റർ പിൻവശം റോഡ്
അടങ്കൽ -₹. 372000 -MG(R)
പ്രവൃത്തി പൂർത്തീകരണ കാലാവധി ടി.എസ്.പ്രകാരം -6 മാസം
6. പ്രൊജക്ട് നം.S0044/21 -മാമ്പുള്ളം എസ്.സി.കോളനി റോഡ് ഇന്റർലോക്ക്
അടങ്കൽ -₹. 200000 -Plan (SCP)
പ്രവൃത്തി പൂർത്തീകരണ കാലാവധി ടി.എസ്.പ്രകാരം -12 മാസം
7. പ്രൊജക്ട് നം.S0055/21 – വളർത്തുകാട് കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ
അടങ്കൽ -₹. 62000 -MG(R)
പ്രവൃത്തി പൂർത്തീകരണ കാലാവധി ടി.എസ്.പ്രകാരം -6 മാസം
8. പ്രൊജക്ട് നം.S0063/21 -പഴയതറ കനാൽ ബണ്ട് റോഡ്
അടങ്കൽ -₹. 200000 -MG(R)
9. പ്രൊജക്ട് നം.S0056/21 -തേക്കിൻകാട് കാരാട്ട്കുളമ്പ് റോഡ് മെറ്റലിംഗ് ടാറിംഗ്
അടങ്കൽ -₹. 460000 -MG(R)

10. പ്രൊജക്ട് നം.S0066/21 -മഴവൂർകാവ് മുരിക്കിൻകാട് റോഡ് മെറ്റലിംഗ് ടാറിംഗ്& ഇന്റർലോക്ക്
അടങ്കൽ -₹. 560000 -MG(R)
പ്രവൃത്തി പൂർത്തീകരണ കാലാവധി ടി.എസ്.പ്രകാരം -6 മാസം

നിർവഹണത്തിന് ഒരു വർഷത്തിലധികം സമയവും കൂടുതൽ അടങ്കൽ തുകയുമുള്ള പ്രൊജക്ടുകൾക്ക പകരം കുറഞ്ഞ അടങ്കൽ തുകയും പൂർത്തീകരണ കാലാവധി കുറവുമുള്ള പ്രൊജക്ടുകൾ ബഹു വർഷ പ്രൊജക്ടുകളായി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/28-9-2021ന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

- അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
- പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ച തയ്യാറാക്കേണ്ടതാണ്.

## 1-32 എസ്.സി.പി. പ്രൊജക്ടുകൾ - സാമൂഹ്യ ഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഇല്ലാതെ നടപ്പിലാക്കി

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
പദ്ധതി മാർഗ്ഗ രേഖ സ.ഉ.(കൈ)നം.11/2018 തസ്വഭവ തിയതി, 29-1-2018 ഖണ്ഡിക 5.4.6.1 ൽ പട്ടികജാതി വിഹിതം വകയിരുത്തുന്നതിനുള്ള നിബന്ധനകൾ പ്രതിപാദിച്ചിട്ടുണ്ട്. ക്രമന. (9) പ്രകാരം പട്ടികജാതി വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രൊജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രൊജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബത്തിന്റെയും സ്ഥാനവും അടയാളപ്പെടുത്തേണ്ടതും അപ്രകാരം അടയാളപ്പെടുത്തിയ സാമൂഹ്യ ഭൂപടത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സ്ഥാനം പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്. പ്രൊജക്ട് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും അതിൽ പട്ടികജാതി കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടത്തോടൊപ്പം ചേർത്തിരിക്കേണ്ടതാണ്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടവും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി ബോദ്ധ്യപ്പെടേണ്ടതും പ്രൊജക്ട് മുഖാന്തിരം പ്രയോജനം ലഭിക്കുന്ന എത്ര ശതമാനം പട്ടികജാതി കുടംബങ്ങളുണ്ടെന്നുള്ള വിവരവും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ തൻവർഷം നിർവഹണം നടത്തിയ താഴെ പറയുന്ന എസ്.സി.പി.പ്രൊജക്ടുകളിൽ മേൽ പരാമർശ പ്രകാരമുള്ള സാമൂഹ്യ ഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഉള്ളടക്കം ചെയ്തിട്ടില്ല. നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

1. പ്രൊജക്ട് നം.44/21 -മാമ്പള്ളം എസ്.സി.കോളനി റോഡ് ഇന്റർ ലോക്ക്
   ചെലവ് - ₹.196281 ബിൽ നം. 66/16-1-21
2. പ്രൊജക്ട് നം.45/21 -മാനുഷി എസ്.സി.കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ
   ചെലവ് - ₹.75000 ബിൽ നം. 1/7-4-20, ₹.92108 ബിൽ നം. 83/12-2-21
3. പ്രൊജക്ട് നം.48/21 -കോരാത്ത് പറമ്പ് എസ്.സി.കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ
   ചെലവ് - ₹.100000 ബിൽ നം. 4/17-4-20, ₹.95422 ബിൽ നം. 49/17-8-20
4. പ്രൊജക്ട് നം.51/21 -പള്ളം എസ്.സി.കോളനി റോഡ് റീടാറിംഗ്
   ചെലവ് - ₹.200000 ബിൽ നം. 50/15-11-19
5. പ്രൊജക്ട് നം.52/21 -മുട്ടിച്ചിറ നേരുകുളം എസ്.സി. കോളനി റോഡ് ഇന്റർലോക്ക്
   ചെലവ് - ₹.55997 ബിൽ നം. 3/17-4-20, ₹.99363 ബിൽ നം. 32/3-7-20
6. പ്രൊജക്ട് നം.70/21 -പുത്തൻതറ എസ്.സി. കോളനി റോഡ് കലുങ്ക് നിർമ്മാണം
   ചെലവ് - ₹.296930 ബിൽ നം. 60/24-8-20
7. പ്രൊജക്ട് നം.137/21 -പണ്ടാരക്കാട് പൊതുകിണർ മെയിന്റനൻസ്
   ചെലവ് - ₹.55997 ബിൽ നം. 2/20-4-20
8. പ്രൊജക്ട് നം.160/21 -മാനുഷി എസ്.സി. കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ
   ചെലവ് - ₹.22918 ബിൽ നം. 53/14-8-20
9. പ്രൊജക്ട് നം.164/21 -കറുമ്പയകോട് ചാട്ടവഴി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

ചെലവ് - ₹.49851 ബിൽ നം. 21/8-5-20

10. പ്രൊജക്ട് നം.165/21 -കച്ചിറ എസ്.സി. കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ചെലവ് - ₹.134818 ബിൽ നം. 20/8-5-20

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/28-9-2021ന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

- അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
- എസ്.സി പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ആവശ്യമായ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം - സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടോ എന്നു പരിശോധിച്ചതിൽ 2018-19 വർഷം അംഗീകാരം വാങ്ങി എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത് 2020-21 വർഷത്തിലാണ് എന്ന് കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.
നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

1. SO.26/19, 162/20, 123/21 -കൊല്ലത്തറ റോഡ് റീടാറിംഗ്

അടങ്കൽ - 495000-MG(R)

കരാറുകാരൻ - ശ്രീ.ഉണ്ണികൃഷ്ണൻ

എഗ്രിമെന്റ് നം.: 41/7-9-18 (പൂർത്തീകരണ കാലാവധി - 6 മാസം)

അളവു പുസ്തകം - 134/19-20, 177/19-20

ചെലവ് - 449212 - ബിൽ നം. 9/17-4-20 ₹303131, 50/17-8-20 -₹146081

7-9-18 ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 24-6-2020നാണ്. പ്രവൃത്തി പൂർത്തീകരണത്തിന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ ഇല്ല. സപ്ലിമെന്ററി എഗ്രിമെന്റും ഒപ്പു വച്ചിട്ടില്ല.

2. 171/19, 124/21 -മാവിൻകുളമ്പ് റോഡ് റീടാറിംഗ്

അടങ്കൽ - 495000-MG(R)

കരാറുകാരൻ - ശ്രീ. കിഷോർ.യു

എഗ്രിമെന്റ് നം.: 43/7-9-18 (പൂർത്തീകരണ കാലാവധി - 6 മാസം)

അളവു പുസ്തകം - 129/19-20

ചെലവ് - 449212 - ബിൽ നം. 10/17-4-20 ₹251198, 26/16-6-20 -₹76581

7-9-2018ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 22-5-20നാണ്. പ്രവൃത്തി പൂർത്തീകരണത്തിന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ ഇല്ല. സപ്ലിമെന്ററി എഗ്രിമെന്റും ഒപ്പു വച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കി ബിൽ തുക സമയബന്ധിതമായി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/24.9.21 ന് ഓഡിറ്റ് പരാമർശം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് കൈമാറി വിശദീകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തികൾ PWD മാന്വലിലെ സമയക്രമത്തിനനുസരിച്ച് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വകയിരുത്തിയ തുക ലാപ്സാവാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.
- പ്രവൃത്തികൾ വർഷങ്ങളായി നീണ്ടുപോകുന്ന പ്രവണത ഒഴിവാക്കേണ്ടതും വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.
- പ്രവൃത്തികൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും മോണിറ്ററിംഗ് നടപടികൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-34 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമനം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | പ്രൊജക്ട് നം. 48/21 -കോരാത്ത്പറമ്പ് എസ് സി കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ<br>അടങ്കൽ - 200000- വികസന ഫണ്ട്(എസ്.സി.പി)<br>APAC- 200000<br>കരാറുകാരൻ - ശ്രീ.എം.അനന്തകൃഷ്ണൻ<br>എഗ്രിമെന്റ് നം.: 57/29-11-19<br>ഭരണ സമിതി തീരുമാനം : 31.10.19 1(2) | 4-11-2019 | 17-11-2019 | 29-11-2019 | 2000 |
| 2 | പ്രൊജക്ട് നം. 190/21 -താഴെ മീനിക്കോട് റോഡ് കോൺക്രീറ്റ്<br>അടങ്കൽ - 135000- MG(R)<br>APAC- 135000<br>കരാറുകാരൻ - ശ്രീ.എം.അനന്തകൃഷ്ണൻ<br>എഗ്രിമെന്റ് നം.: 58/29-11-2019<br>ഭരണ സമിതി തീരുമാനം : 31-10-2019 1(2) | 4-11-2019 | 17-11-2019 | 29-11-2019 | 1350 |
| 3 | പ്രൊജക്ട് നം. 70/21 -പുത്തൻതറ എസ്.സി. കോളനി റോഡ് കലുങ്ക് നിർമ്മാണം | 4-11-2019 | 17-11-2019 | 29-11-2019 | 8090 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ - 299000- വികസന ഫണ്ട്(എസ്.സി.പി)<br>692714 -MG(R)<br>APAC- 809000<br>കരാറുകാരൻ - ശ്രീ.എം.അനന്തകൃഷ്ണൻ<br>എഗ്രിമെന്റ് നം.: 59/29.11.2019<br>ഭരണ സമിതി തീരുമാനം : 31.10.19 1(2) | | | | |
| ആകെ ഈടാക്കേണ്ട പിഴ | | | | | 11440 |

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/28-9-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല/കുറവായി ഈടാക്കി

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിന ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിന മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല/ ചില പ്രവൃത്തികളിൽ ഈടാക്കിയത് കുറവായിട്ടാണ്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 51/21 -പള്ളം എസ്.സി. കോളനി റോഡ് റീടാറിംഗ്<br>അടങ്കൽ - 200000 -വികസന ഫണ്ട് (എസ്.സി.പി)<br>PAC- 178159.55<br>കരാറുകാരൻ - ശ്രീ.കിഷോർ.യു.<br>എഗ്രിമെന്റ് നം.:50/15-11-2019 | 15-3-2021 | 11-2-2021 | 3489 | 5345 (3%) | 1856 |

| | | | | | | |
|---|---|---|---|---|---|---|
| | അളവു പുസ്തകം - 63/20-21<br>ചെലവ് - 200000<br>(ബിൽ നം.85/12-1-2021)<br>പൂർത്തീകരണ കാലാവധി 6 മാസം | | | | | |
| | 20-10-2020 തിയതിയിലെ നം. 80/AE/LSGD/VDR/2020-21 കത്ത് പ്രകാരം നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 7 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എ.ഇ. കരാറുകാരനോട് അറിയിച്ചിട്ടുണ്ട്. | | | | | |
| 2 | 186/21-പൂവരഞ്ഞി റോഡ് മെറ്റലിംഗ് ടാറിംഗ്<br>അടങ്കൽ - 30000 [വികസന ഫണ്ട്(സി.എഫ്.സി)]<br>105000 -മെയി. ഫണ്ട് (R)<br>PAC- 119360.40<br>കരാറുകാരൻ -<br>ശ്രീ.കിഷോർ.യു.<br>എഗ്രിമെന്റ് നം.: 48/15-11-2019<br>അളവു പുസ്തകം - 193/19-20<br>ചെലവ് - 105000<br>(ബിൽ നം. 91/4-3-2021)<br>30000<br>(ബിൽ നം. 92/4-3-21)<br>പൂർത്തീകരണ കാലാവധി - 6 മാസം | 31-3-3020 | 15-2-2021 | 1710 | 3581 (3%) | 1871 |
| | 20-10-2020 തിയതിയിലെ നം. 80/AE/LSGD/VDR/2020-21 കത്ത് പ്രകാരം നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 7 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എ.ഇ. കരാറുകാരനോട് അറിയിച്ചിട്ടുണ്ട്. | | | | | |
| 3 | 167/21-കോട്ടൻകോട് റോഡ് മെറ്റലിംഗ്, | 31-3-2019 | 16-11-2020 | --- | 15650 (3%) | 15650 |

| | | | | | | |
|---|---|---|---|---|---|---|
| | ടാറിംഗ്<br>അടങ്കൽ - 170000-<br>CFC<br>380000 [MG(R)]<br>PAC- 521671.36<br>കരാറുകാരൻ -<br>ശ്രീ.<br>കെ.എം.രാധാകൃഷ്ണൻ<br>എഗ്രിമെന്റ്<br>നം.:57/15-12-18<br>അളവു പുസ്തകം -<br>189/19-20, 162/19-20<br>ചെലവ് - 170000<br>(ബിൽ നം.62/16-11-<br>2020)<br>50151 (ബിൽ<br>നം.74/21-1-21)<br>317171 (ബിൽ<br>നം.75/21-1-21)<br>പൂർത്തീകരണ<br>കാലാവധി - 6 മാസം | | | | | |
| | കോട്ടൻങ്കോട് റോഡ് മെറ്റലിംഗ്, ടാറിംഗ് എന്ന പ്രവൃത്തി എഗ്രിമെന്റ് വെച്ചിരിക്കുന്നത് 15-12-2018നാണ്. 2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. എന്നാൽ വിവിധ കാരണങ്ങളാൽ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ 6 തവണ അപേക്ഷ നൽകുകയും 3 തവണ ഫൈൻ ചുമത്തിക്കൊണ്ടും രണ്ടു തവണ ഫൈനില്ലാതെയും കാലാവധി നീട്ടി നൽകിയിട്ടുണ്ട്. 16-11-2020നാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. എന്നാൽ കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുകയോ പൂർത്തീകരണം ഉറപ്പാക്കുകയോ ചെയ്തിട്ടില്ല. | | | | | |
| | ആകെ ഈടാക്കേണ്ട തുക | | | | | 19377 |

തുക കുറവായി ഈടാക്കിയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/28-9-2021ന് മറുപടി ലഭ്യമാക്കിയില്ല. ഈടാക്കാത്ത/കുറവായി ഈടാക്കിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-36 പഞ്ചായത്ത് ഓഫീസിന് ചുറ്റുമതിൽ നിർമ്മാണം -എക്സ്ട്രാ ഹൈറ്റത്തിന് എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു</u>

പ്രൊജക്ട് നം. S0188/21

പഞ്ചായത്ത് ഓഫീസിന് ചുറ്റുമതിൽ നിർമ്മാണം.

അടങ്കൽ - ₹.900000 [₹.834227 – CFC +₹.65773 – MG(R)]
ചെലവ് ₹.574718 (പാർട്ട് ബിൽ ) ബിൽ നം. 100/29-3-21
കരാറുകാരൻ -ശ്രീ.കെ.ബി.കൊച്ചു കുമാർ
എഗ്രിമെന്റ് നം. - 67/15-2-2020
എഗ്രീഡ് പി.എ.സി - ₹.760967.70 (17.37% Below)
എം.ബി. നം. - 187/19-20, 198/19-20
നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പഞ്ചായത്ത് ഓഫീസിന് ചുറ്റമതിൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന കവാടം ചെയ്യുന്നതിന് നിയമപരമായി ചില തടസ്സങ്ങൾ ഉള്ളതിനാൽ കവാടം ഒഴിവാക്കി മിച്ച തുക കൊണ്ട് പഞ്ചായത്ത് വളപ്പിൽ ഇന്റർലോക്ക് കട്ട വിരിക്കുന്നതിനും, ജീവനക്കാരുടെയും പ്രസിഡന്റിന്റെയും വാഹനം നിർത്തുന്നതിന് ഷീറ്റ് മേൽക്കൂരയുള്ള ഷെഡ് നിർമ്മിക്കുന്നതിനുമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. അതിൻപ്രകാരം എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തിയ ക്രമനം. (1), (2), (3), (4), (5) എന്നിവയിൽ തുക അനുവദിച്ചിട്ടുള്ളത് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിന്റെ ആനുപാതികമായി തുക കുറവ് ചെയ്യാതെയാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | Extra Item | ചെയ്ത അളവ് | എസ്റ്റിമേറ്റ് നിരക്ക് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|---|---|
| 1 | 60.7.1 | 11.86 $M^3$ | 2515.43 | 29833 | 24651 | 5182 |
| 2 | 4.3.1 | 18.00 $M^3$ | 254.19 | 4575.42 | 3780.67 | 794.75 |
| 3 | 4.1.3 | 4.06 $M^2$ | 7184.64 | 29169.64 | 24102.87 | 5066.77 |
| 4 | 60.7.9 | 8.06 $M^2$ | 3695.11 | 29782.59 | 24609.35 | 5173.24 |
| 5 | 51.6.4.3 | 5.11 $M^3$ | 6940.87 | 35467.85 | 29307.08 | 6160.77 |
| 6 | 10.16.1 | 368.94 Kg | 118.28 | 43638.22 | 36058.26 | 7579.96 |
| | ആകെ അധികം നൽകിയ തുക | | | | | 29957.49 |

മേൽ പ്രവൃത്തിയിൽ പാർട്ട്ബിൽ മാത്രമാണ് നൽകിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/26-9-2021ന് നിലവിൽ പ്രവൃത്തിയുടെ പാർട്ട് ബിൽ മാത്രമാണ് നൽകിയിട്ടുള്ളതെന്നും സംഭവിച്ച പിഴവ് ഫൈനൽ ബിൽ നൽകുന്ന വേളയിൽ പരിഹരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-37 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ

2020-21 സാമ്പത്തിക വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത 3228 കുടുംബങ്ങളിൽ 3228 കുടുംബങ്ങൾക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. 635 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ട എല്ലാവർക്കും തന്നെ തൊഴിൽ നല്കിയിട്ടുണ്ട്. 2020-21ൽ 1355പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുകയും ₹145898250 വകയിരുത്തിയിട്ടുമുണ്ട്. 184 പദ്ധതികൾ നടപ്പിലാക്കുകയും, ആയതിൽ 163 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ സാധന സാമഗ്രികൾ ആവശ്യമുള്ള പ്രവൃത്തികൾക്ക് 2311964/- രൂപ മെറ്റീരിയൽസിനുള്ള ചെലവായി ഉൾപ്പെട്ടിട്ടുണ്ട്. തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) ₹32412907/-

ഉം ചെലവ് ₹32370829 യുമാണ്. 1935 കുടുബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടുകയും 1810 കുടുബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുമുണ്ട്. തൊഴിൽ സ്ഥലങ്ങളിൽ അപകടങ്ങളൊന്നും സംഭവിച്ചിട്ടില്ല. പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 15 സ്ഥിര ആസ്ഥികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മാർച്ച് 2021ന് സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്.പരാതി രജിസ്റ്റർ പരിപാലിക്കപ്പെടുന്നുണ്ട്.നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| ചെറുകിട ജലസേചനം | 55 | 1499814 |
| പട്ടികജാതി - പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 125 | 26793633 |
| വീട്ട നിർമ്മാണം -ഐ.എ.വൈ | 108 | 879984 |
| റോഡു നിർമ്മാണം | 4 | 2493314 |

ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 22.19% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവർത്തികൾ പൂർത്തീകരിക്കുവാനും എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-38 MGNREGS -മെറ്റീരിയൽ പ്രവൃത്തികൾ -ടി.ഡി.എസ്. ഈടാക്കിയിട്ടില്ല

ചരക്ക സേവന നികുതി നിയമം 2017 സെക്ഷൻ 51, CBEC സർക്കുലർ നം 65/39/2018-DOR തീയ്യതി 14.9.2018 എന്നിവ പ്രകാരം 1-10-2018 മുതൽ ചരക്ക സേവന നികുതി ബാധകമായ ചരക്കുകൾ വാങ്ങുകയോ, സേവനം സ്വീകരിക്കുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട് പണം നൽകുന്ന സമയത്ത് ആകെ കരാർ തുക രണ്ടര ലക്ഷത്തിന് അധികരിച്ചാൽ സ്രോതസ്സിൽ നിന്നും തന്നെ (നൽകുന്ന തുകയിൽ നിന്ന്) ജി.എസ്. ടി. ഇനത്തിൽ 2% (കേന്ദ്ര ജി.എസ്.ടി.1%, സംസ്ഥാന ജി.എസ്.ടി. 1%) കിഴിവ് നടത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന MGNREGS പ്രവൃത്തികളിൽ നിന്നും ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

1. 171 -പുത്തൻതറ റോഡ് കോൺക്രീറ്റ്
എസ്റ്റിമേറ്റ് തുക മെറ്റീരിയൽ -₹456772
ചെലവ് തുക മെറ്റീരിയൽ - ₹250834
എം.ബി. നം. 44/19-20
കരാറുകാരൻ - ശ്രീ. നാരായണൻ
FTO No.- KL1606004007-200321FTO-894796 തിയതി, 20-3-2021

2. 175 -വടകരപ്പാല റോഡ് കോൺക്രീറ്റ്
എസ്റ്റിമേറ്റ് തുക മെറ്റീരിയൽ -₹464656.15
ചെലവ് തുക മെറ്റീരിയൽ - ₹416707
എം.ബി. നം. 161/20-21
കരാറുകാരൻ - ശ്രീ. നാരായണൻ
FTO No.- KL1606004007-200321FTO-894764 തിയതി, 20-3-2021

3. 180- പണ്ടാരക്കാട് റോഡ് കോൺക്രീറ്റ്
എസ്റ്റിമേറ്റ് തുക മെറ്റീരിയൽ -₹427524.21
ചെലവ് തുക മെറ്റീരിയൽ - ₹367840
എം.ബി. നം. 115/18-19
കരാറുകാരൻ - ശ്രീ. നാരായണൻ
FTO No.- KL1606004007-090421FTO-12766 തിയതി, 9-4-2021

4. 172-മുല്ലപ്പാടം റോഡ് സൈഡ് പ്രൊട്ടക്ഷൻ
എസ്റ്റിമേറ്റ് തുക മെറ്റീരിയൽ -₹610865.58

ചെലവ് തുക മെറ്റീരിയൽ - ₹312946

എം.ബി. നം. 138/2020-21

കരാറുകാരൻ - ശ്രീ. നാരായണൻ

FTO No.- KL1606004007-200321FTO-894832 തിയതി, 20-3-2021

കൂടാതെ മേൽ പ്രവൃത്തികളുടെ മെഷർമെന്റ് ബുക്കുകൾ പരിശോധിച്ചതിൽ മേൽ പ്രവൃത്തികളുടെ വർക്കുകളിൽ ഉപയോഗിച്ച സാധന സാമഗ്രികളുടെ പര്യാപ്തത സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 30/29-9-2021ന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

1-39 ഗ്രാമപഞ്ചായത്ത് നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വടവന്നൂർ വി.എം.എച്ച്.എസ്.എസിൽ സി.എഫ്.എൽ.ടി.സി-യും ഫ്രണ്ട്സ് ഭവൻ കല്യാണ മണ്ഡപത്തിൽ ഡി.സി.സി-യും എം.ജി.ആർ കമ്മ്യൂണിറ്റി ഹാളിൽ സാമൂഹ്യ അടുക്കളയും പ്രവർത്തിച്ചിരുന്നു. ഇവയുടെ പ്രവർത്തനത്തിനായി തനത്ഫണ്ട്, പ്ലാൻ ഫണ്ട്, ദുരന്ത പ്രതികരണ നിധി, സംഭാവന എന്നിവയിൽ നിന്നായി 576702/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങൽ, വാഹനവാടക, ശുചീകരണ പ്രവൃത്തികൾ, പ്രചാരണം, സി.എഫ്.എൽ.ടി.സി സെന്റർ തയ്യാറാക്കൽ, ക്വാറന്റീൻ ഭക്ഷണം, പ്രതിരോധ കുത്തിവെപ്പ്, ഡി.സി.സി, സാമൂഹിക അടുക്കള തുടങ്ങിയ പ്രവർത്തനങ്ങൾക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്. സി.എഫ്.എൽ.ടി.സി, ഡി.സി.സി എന്നിവ പ്രവർത്തിക്കുന്നില്ല.

2020-21 സാമ്പത്തിക വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്.

1. പ്രോജക്റ്റ് നം. 119/2021 : കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങളും പരിരക്ഷാ പ്രവർത്തനങ്ങളും -ചെലവ്: 47385 (പൊ.ജനറൽ)

2. പ്രോജക്റ്റ് നം. /2021 : കമ്മ്യൂണിറ്റി കിച്ചണിലൂടെ നടന്നുവരുന്ന സൗജന്യ ഊണിനുള്ള സഹായം -ചെലവ്: 164355 (പൊ.ജനറൽ)

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി സി.എഫ്.എൽ.ടി.സി-ക്ക് കൈമാറിയ ഉപകരണങ്ങൾ/ ഫർണീച്ചറുകൾ/മെഡിസിനുകൾ/മറ്റ് വസ്തുക്കൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്. സി.എഫ്.എൽ.ടി.സി-യുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (Ac No.39668595080 SBI Vadavannur). പ്രസ്തുത അക്കൗണ്ട് വാർഷിക കണക്കുകളുടെ ഭാഗമാക്കിയിട്ടില്ല. ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായ 50000/- രൂപ, സംഭാവനകൾ എന്നിവ ടി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകൾ, വ്യക്തികൾ, മറ്റ് സർക്കാർ/സർക്കാരിതര ഏജൻസികൾ എന്നിവരിൽ നിന്നും 10700/- രൂപ ഗ്രാമപഞ്ചായത്തിന് സംഭാവന ഇനത്തിൽ ലഭിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് യൂത്ത് വോളന്റീയർമാർക്ക് പരിശീലനം നിയമിക്കുകയും പ്രത്യേക പരിഗണന നല്കേണ്ടവരുടെ സുരക്ഷയ്ക്കും, കരുതലിനുമായി ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനത്തിന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല. സുഭിക്ഷ കേരളം പദ്ധതി ഭാഗികമായി മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളത്.

കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ആവിഷ്കരിക്കുന്ന പദ്ധതികൾക്കായി അനുവദിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിക്കുവാനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനും മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 18/28.09.2021)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വനിതാ കർഷക തൊഴിലാളി സംഘങ്ങൾക്ക് കാർഷിക യന്ത്രം വാങ്ങൽ- അധിക സബ്സിഡിയായി അനുവദിച്ച 2,83,692/-രൂപ തിരികെ അടവാക്കേണ്ടതാണ്

കാർഷിക മേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഉൽപ്പാദന ചെലവ് കുറയ്ക്കുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. പ്രോജക്ട് നം 36/21 – വടവന്നൂർ വനിതാ കർഷക തൊഴിലാളി സംഘത്തിന് കാർഷിക യന്ത്രം വാങ്ങൽ

അടങ്കൽ - 13,50,000 രൂപ (വികന ഫണ്ട് – എസ്.സി.പി)

ചെലവ് - 13,41,720 രൂപ (ബിൽ നം. 35/24.06.2020- 641720 രൂപ, ബിൽ നം. 57/06.01.2021- 700000 രൂപ)

പദ്ധതി പ്രകാരം Seed Drayer വാങ്ങി (Invoice No. PKD62 Dt 27.07.2020 Amount ₹ 13,41,720) അമ്പാടി എസ്.സി വനിതാ ഗ്രൂപ്പ്, മേനങ്ങാത്ത്, വടവന്നൂർ (രജി.നം. PKD/CA/372/2020) എന്ന സംഘത്തിന് കൈമാറിയിട്ടുണ്ട്.

2. പ്രോജക്ട് നം 128/21-വടവന്നൂർ കാർഷിക തൊഴിലാളി സംഘത്തിന് കാർഷിക യന്ത്രം വാങ്ങൽ എസ്.സി.പി (SO)

അടങ്കൽ -2,50,000 രൂപ (വികന ഫണ്ട് – എസ്.സി.പി)

ചെലവ് - 2,50,000 രൂപ (ബിൽ നം. 3/15.05.2020- 2,50,000 രൂപ)

പദ്ധതി പ്രകാരം Sakthiman 4 Raw Walk Behind Transplanterവാങ്ങി (Invoice No. PKD 506 Dt 06.02.2020 Amount ₹ 250000) വടവന്നൂർ പഞ്ചായത്ത് എസ്.സി തൊഴിൽസേന (രജി.നം.CA 102/10) എന്ന സംഘത്തിന് കൈമാറിയിട്ടുണ്ട്.

3. പ്രോജക്ട് നം 140/21-വടവന്നൂർ വനിതാ കർഷക തൊഴിലാളി സംഘത്തിന് കാർഷിക യന്ത്രം വാങ്ങൽ (SO)

അടങ്കൽ -12,50,000 രൂപ(വികന ഫണ്ട് – എസ്.സി.പി)

ചെലവ് - 12,45,207 രൂപ(ബിൽ നം. 1/15.05.2020- 995207 രൂപ, ബിൽ നം. 2/15.05.2020- 250000 രൂപ)

പദ്ധതി പ്രകാരം John Dheere 5050D 4WD Model Tractor, Rotavator 42 Blade (Invoice No. PKD 504 Dt 06.02.2020 Amount ₹ 995207), Sakthiman 4 Raw Walk Behind Transplanter (Invoice No. PKD 505 Dt 06.02.2020 Amount ₹ 250000) എന്നിവ വാങ്ങി അമ്പാടി എസ്.സി വനിതാ ഗ്രൂപ്പ്, മേനങ്ങാത്ത്, വടവന്നൂർ (രജി.നം. PKD/CA/372/2020) എന്ന സംഘത്തിന് കൈമാറിയിട്ടുണ്ട്.

Kerala Agro Industries Corporation Ltd (KAICO), Kalmandapam, Palakkad എന്ന സ്ഥാപനത്തിൽ നിന്നുമാണ് മേൽ യന്ത്രങ്ങൾ നേരിട്ട് വാങ്ങിയിട്ടുള്ളത്. 57028693875 SBIN0071153 എന്ന അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. യന്ത്രങ്ങൾ പൊതു കാർഷിക ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കൂ എന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സമിതികൾ കരാറുകൾ വച്ചിട്ടുണ്ട്. ട്രാക്ടർ കൃഷി ഓഫീസറുടെ പേരിൽ KL70F1270 നമ്പരായി രജിസ്റ്റർ ചെയ്യുകയും ഇൻഷ്വർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മേൽ പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അമ്പാടി എസ്.സി വനിതാ ഗ്രൂപ്പിന് 36/21, 140/21 എന്നീ പ്രോജക്ടുകളിലായി 25,86,920/- രൂപയുടെ യന്ത്രങ്ങളും വടവന്നൂർ പഞ്ചായത്ത് എസ്.സി തൊഴിൽസേനയ്ക്ക് 140/21 എന്ന പ്രോജക്ട് പ്രകാരം 2,50,000/- രൂപയുടെ യന്ത്രവും ഉൾപ്പെടെ ആകെ 28,36,920 രൂപയുടെ യന്ത്രങ്ങളാണ് വാങ്ങി നൽകിയിട്ടുള്ളത്. 14.02.2018-ലെ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.8 പ്രകാരം യന്ത്രങ്ങൾ വാങ്ങുന്നതിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 90 ശതമാനമാണെന്നിരിക്കെ 100 ശതമാനം സബ്സിഡി അനുവദിച്ചതിലൂടെ വികസന ഫണ്ടിന് 2,83,692/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതുതായി രൂപീകരിക്കുന്ന കാർഷിക കർമ്മസേനകൾക്ക് 3 ലക്ഷം രൂപയുടെയും, മൂന്നുവർഷം പൂർത്തിയാക്കിയതും ശരാശരി വാർഷിക ടേൺ ഓവർ 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ളവയും ഓഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കർമ്മസേനകൾക്ക് 10 ലക്ഷം രൂപയുടെയും, 25 ലക്ഷം രൂപയ്ക്ക് മുകളിൽ ശരാശരി വാർഷിക ടേൺ ഓവർ ഉള്ളതും ഓഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കർമ്മസേനകൾക്ക് 20 ലക്ഷം രൂപയുടേയും, 50 ലക്ഷം രൂപയ്ക്ക് മുകളിൽ ശരാശരി വാർഷിക ടേൺ ഓവർ ഉള്ളതും ഓഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കർമ്മസേനകൾക്ക് 40 ലക്ഷം രൂപയുടേയും യന്ത്രങ്ങൾ പ്രാദേശിക സാദ്ധ്യതകളുടേയും നൂതന കാർഷിക രീതികൾ പ്രാവർത്തികമാക്കുന്നതിന്റെയും അടിസ്ഥാനത്തിൽ നൽകാവുന്നതാണ്. പുതുതായി രൂപീകരിച്ച അമ്പാടി എസ്.സി വനിതാ ഗ്രൂപ്പിന് (രജി.നം.PKD/CA/372/2020) 25,86,920/- രൂപയുടെ യന്ത്രങ്ങൾ അനുവദിച്ചു നൽകിയത് സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/18.09.2021-ന് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം വിനിയോഗിച്ച 2,83,692/- രൂപ തിരിച്ചടയ്ക്കുകയും പുതുതായി രൂപീകരിച്ച എസ്.സി വനിതാ ഗ്രൂപ്പിന് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നൽകിയ യന്ത്രങ്ങൾ തിരിച്ചുവാങ്ങി മാർഗ്ഗരേഖ പ്രകാരം അർഹതയുള്ള വടവന്നൂർ പഞ്ചായത്ത് എസ്.സി തൊഴിൽസേനയ്ക്ക് (രജി.നം.CA 102/10) കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്നും മറുപടി നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 2,83,692/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് തിരിച്ചടയ്ക്കേണ്ടതാണ്.

പുതുതായി രൂപീകരിച്ച അമ്പാടി എസ്.സി വനിതാ ഗ്രൂപ്പിന് അനുവദിച്ച യന്ത്രങ്ങൾ തിരികെ വാങ്ങി അർഹതയുള്ള സംഘത്തിന് കൈമാറുന്നതുവരെ 25,86,920/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 പഞ്ചായത്ത് ഓഫീസിന് ചുറ്റുമതിൽ നിർമ്മാണം -എക്സ്ട്രാ ഐറ്റത്തിന് എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു

പ്രൊജക്ട് നം. S0188/21

പഞ്ചായത്ത് ഓഫീസിന് ചുറ്റുമതിൽ നിർമ്മാണം.

അടങ്കൽ - ₹.900000 [₹.834227 – CFC +₹.65773 – MG(R)]

ചെലവ് ₹.574718 (പാർട്ട് ബിൽ ) ബിൽ നം. 100/29-3-21

കരാറുകാരൻ -ശ്രീ.കെ.ബി.കൊച്ചു കുമാർ

എഗ്രിമെന്റ് നം. - 67/15-2-2020

എഗ്രീഡ് പി.എ.സി - ₹.760967.70 (17.37% Below)

എം.ബി. നം. - 187/19-20, 198/19-20

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പഞ്ചായത്ത് ഓഫീസിന് ചുറ്റുമതിൽ എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന കവാടം ചെയ്യുന്നതിന് നിയമപരമായി ചില തടസ്സങ്ങൾ ഉള്ളതിനാൽ കവാടം ഒഴിവാക്കി മിച്ച തുക കൊണ്ട് പഞ്ചായത്ത് വളപ്പിൽ ഇന്റർലോക്ക് കട്ട വിരിക്കുന്നതിനും, ജീവനക്കാരുടെയും പ്രസിഡന്റിന്റെയും വാഹനം നിർത്തുന്നതിന് ഷീറ്റ് മേൽക്കൂരയുള്ള ഷെഡ് നിർമ്മിക്കുന്നതിനുമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. അതിൻപ്രകാരം എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തിയ ക്രമനം. (1), (2), (3), (4), (5) എന്നിവയിൽ തുക അനുവദിച്ചിട്ടുള്ളത് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിന്റെ ആനുപാതികമായി തുക കുറവ് ചെയ്യാതെയാണ്. കരാറുകാരൻ ക്വാട്ട് ചെയ്തത ആകെ തുക (Agreed PAC) ആകെ എസ്റ്റിമേറ്റ് തുകയുടെ 17.37% കുറവായിട്ടുള്ളതായതിനാൽ എക്സ്ട്രാ ഐറ്റമായി ചെയ്യുന്ന ഓരോ ഇനത്തിനും എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 17.37% കുറഞ്ഞ തുക മാത്രമാണ് അനുവദനീയം. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | Extra Item | ചെയ്ത അളവ് | എസ്റ്റിമേറ്റ് നിരക്ക് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|---|---|
| 1 | 60.7.1 | 11.86 | 2515.43 | 29833 | 24651 | 5182 |

| | | | | | | |
|---|---|---|---|---|---|---|
| | | $M^3$ | | | | |
| 2 | 4.3.1 | 18.00 $M^3$ | 254.19 | 4575.42 | 3780.67 | 794.75 |
| 3 | 4.1.3 | 4.06 $M^2$ | 7184.64 | 29169.64 | 24102.87 | 5066.77 |
| 4 | 60.7.9 | 8.06 $M^2$ | 3695.11 | 29782.59 | 24609.35 | 5173.24 |
| 5 | 51.6.4.3 | 5.11 $M^3$ | 6940.87 | 35467.85 | 29307.08 | 6160.77 |
| 6 | 10.16.1 | 368.94 Kg | 118.28 | 43638.22 | 36058.26 | 7579.96 |
| | ആകെ അധികം നൽകിയ തുക | | | | | 29957.49 |

മേൽ പ്രവൃത്തിയിൽ പാർട്ട്ബിൽ മാത്രമാണ് നൽകിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/26-9-2021ന് നിലവിൽ പ്രവൃത്തിയുടെ പാർട്ട് ബിൽ മാത്രമാണ് നൽകിയിട്ടുള്ളതെന്നും സംഭവിച്ച പിഴവ് ഫൈനൽ ബിൽ നൽകുന്ന വേളയിൽ പരിഹരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി നൽകിയ ₹29957/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2020-21 | 13-9-2021 മുതൽ 22-9-2021 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 40000 | 8/21: ലൈഫ് ഭവന പദ്ധതി - ജനറൽ | 40000 | 0 |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 107782 | 22/21: പെയിൻ & പാലിയേറ്റീവ് കെയർ | 107782 | 0 |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2000000 | 37/21: ഊട്ടറ ശ്മശാനം സ്ഥാപിക്കൽ | 1300000 | 700000 |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1369601 | 25/21: സമഗ്ര നെൽകൃഷി വികസനം | 1369601 | 0 |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 288981 | 143/21: പെയിൻ & പാലിയേറ്റീവ് കെയർ | 267638 | 21343 |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 449799 | 154/21: ലൈഫ് ഭവന പദ്ധതി - എസ്.സി.പി | 485810 | -36011 |
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 700000 | 9/21: ലൈഫ് ഭവന പദ്ധതി - എസ്.സി.പി | 700000 | 0 |

| | | | | | |
|---|---|---|---|---|---|
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 600,000 | ഭവന നിർമ്മാണ യൂണിറ്റ് (MNREGS) | 0 | 600000 |
| ആകെ - ബ്ലോക്ക് പഞ്ചായത്ത് | | 5556163 | | 4270831 | 1285332 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 2523584 | 25/21: സമഗ്ര നെൽകൃഷി വികസനം | 2523584 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 1085378 | 126/21: സമഗ്ര നെൽകൃഷി വികസനം | 1085378 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 360000 | 8/21: ലൈഫ് ഭവന പദ്ധതി - ജനറൽ | 360000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | 133/21: ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ജനറൽ | 100000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | 134/21: ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - എസ്.സി.പി | 100000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | 202/21: ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - എസ്.സി.പി | 100000 | 0 |
| പാലക്കാട് ജില്ലാ പഞ്ചാ യത്ത് | 2019-20 | 483134 | ലൈഫ് മിഷൻ | 483134 | 0 |
| ആകെ - ജില്ലാ പഞ്ചായത്ത് വിഹിതം | | 4752096 | | 4752096 | 0 |

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ടിൽ 2019-20 വർഷം ഭവന നിർമ്മാണ യൂണിറ്റ് (MNREGS)ന് ലഭിച്ച് ചെലവഴിക്കാതെ അവശേഷിച്ച ₹600000/- ഈ വർഷവും ചെലവഴിച്ചിട്ടില്ല. എന്നാൽ 154/21: ലൈഫ് ഭവന പദ്ധതി - എസ്.സി.പി എന്ന പ്രൊജക്ടിന് ലഭ്യമായതിനേക്കാൾ ₹36011/- അധികം ചെലവഴിച്ചിട്ടുണ്ട്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ബിൽ നം./ ചെക്ക് നം. | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക/ സെക്ഷൻ |
|---|---|---|---|---|---|
| KSEB | 101/21: കണ്ടുക്കാട് പുത്തൻതറ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കലിന്റെ ബാക്കി തുക നൽകൽ | 22,176 CFC | 52/11.8.20 | 0 | 22176 വടവന്നൂർ |
| KSEB | 102/21: കൊല്ലംപോറ്റ | 32,352 | 41/10.7.21 | 0 | 32,352 |

| | | | | | |
|---|---|---|---|---|---|
| | അങ്കണവാടിയുടെ മുകളിലൂടെ പോകുന്ന ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ | CFC | | | വടവന്നൂർ |
| KSEB | 141/21: കുണ്ടുമ്പറമ്പ്, മാനഷി, തുമ്പിക്കാട്, കാക്കറക്കളം ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 100,666 CFC | 37/15.7.20 | 0 | 100,666 വടവന്നൂർ |
| KSEB | 104/21: വളർത്തുകാട് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 102,112/- Plan (SCP) | 15/21.5.20 | 102,112 | 0 വടവന്നൂർ |
| KSEB | 142/21: വടകരപ്പാല കരുവത്ത് കുളമ്പ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 65068/- CFC | 36/15.7.20 | 0 | 65,068 പുതുനഗരം |
| KSEB | 170/21: കുണ്ടുക്കാട് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 8000/- CFC | | 0 | 8000/- |
| KSEB | 171/21: പുത്തന്തറ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 13,257/- CFC | | 0 | 13,257/- |
| KSEB | 220/21: പുത്തന്തറ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 28,560/- CFC | | 0 | 28,560/- |
| KWA | 196/21: മേലേ മീനിക്കോട് എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് | 300,000/- Plan (SCP) | 40/10.7.20 | 0 | 300,000/- |
| KWA | 197/21: വടകന്യപുരം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് | 150,000/- CFC | 9/Vol-2/ 19.2.21 | 0 | 150,000/- |
| KWA | 218/21: കൗണ്ടൻ കുളമ്പിലേക്ക് കുടിവെള്ള പൈപ്പ്ലൈൻ നീട്ടുന്നതിന് കേരള വാട്ടർ അതോറിറ്റിയിലേക്ക് ഡെപ്പോസിറ്റ് ചെയ്യൽ | 96000/- CFC | 1/Vol2/ 23.12.20 | 0 | 96000/- EE, പാലക്കാട് |
| Costford | 232/21: എം.ജി.ആർ. കമ്മ്യൂണിറ്റി ഹാളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ | 342,300/- CFC | 32/8.6.20 | 0 | 342,300/- |
| Costford | 219/21: ഊട്ടറ വാതക ശ്മശാനത്തി ലേക്ക് വൈദ്യുത കണക്ഷൻ എടുക്കുന്നതിന് കോസ്റ്റ്ഫോർഡ് അടവാക്കിയ തുക തിരികെ നൽകൽ | 100,446/- CFC | 16/20.3.21 | 0 | 100,446/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹.1400000/- വരവുണ്ട്. മുൻബാക്കി ₹.18491750/- അടക്കം ₹.19891750/-യിൽ ₹. 19891750/- ഉം വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന നിർമ്മാണം | GO(MS)No. 68/2018. LSGD Dt.18.5.2018 | (2019-20) +18491750 1400000 (2020-21)ലെ വരവ് | 18491750 | 2065136 | 0 | 17826614 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ₹82544/- വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ 2003-04 വരെയുള്ള വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. വാർഷിക കണക്കുകളിൽ നിന്നും ഈയിനത്തിലെ ലഡ്ജറിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-26 | 10,000 | വി.ഇ.ഒ | 120010100055/27.4.20 |
| 2018-19 | 2-1-6 | 44,000 | കെ.എസ്. പരശുറാം | 120010100582/4.6.20 |
| 2018-19 | 1-14 (ഇ) | 600.00 | ലഭ്യമല്ല | 120010100638/10.6.20 |
| 2018-19 | 2-1-2 | 4,428 | മൻസൂറലി | 120010100775/24.6.20 |
| 2018-19 | 1-39(1) | 3,454 | നാരായണൻ.വി, കരാറുകാരൻ | 120010100821/3.7.20 |
| 2018-19 | 1-39 (2) | 2,512 | രമേഷ്. കെ, കരാറുകാരൻ | 120010100822/3.7.20 |
| 2018-19 | 1-40(1): | 7,800 | കലാധരൻ.വി, കരാറുകാരൻ | 120010100826/6.7.20 |
| 2018-19 | 40(2) | 9,750 | എ.വേലായുധൻ, കരാറുകാരൻ | 120010100833/6.7.20 |
| | | 82544 | | |

ഖണ്ഡിക 1-26, പ്രകാരം അടവാക്കിയ ₹10,000/- കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ ഒന്നും അവശേഷിക്കുന്നില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 87,25,177 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,45,85,556 |
| ആകെ | 8,33,10,733 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,57,59,748 |
| നീക്കിയിരിപ്പ് | 75,50,985 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,13,649 |
| പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടത് | 30,817 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 3782337 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 283,692 | ശ്രീ.ബഷീർ അഹമ്മദ്, കൃഷി ഓഫീസർ |
| 3-2 | | 29,957 | ശ്രീ.കെ.എസ്. ഉണ്ണി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 313649 | |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 11440 | ശ്രീ.വൈ.ഷെറീഫ്, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 1-35 | 19377 | ശ്രീ.കെ.എസ്. ഉണ്ണി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 30817 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 500,000 | ശ്രീമതി.ഷീല. ടി.ജി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-23 | 18,012 | ശ്രീ.ബി. ശ്രീകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 574000 | ശ്രീ.ബി. ശ്രീകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 103,405 | ശ്രീ.ബി. ശ്രീകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-1 | 25,86,920 | ശ്രീ.വൈ.ഷെറീഫ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3782337 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഒന്നുമില്ല |

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബഷീർ അഹമ്മദ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ വടവന്നൂർ കൃഷി ഭവൻ | ആരാം ഭവൻ, വടവന്നൂർ പി.ഒ, പാലക്കാട് - 678504 |
| ശ്രീമതി.ഷീല ടി.ജി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കൊല്ലങ്കോട് ബ്ലോക്ക് | അശ്വതി ഗാർഡൻ, കിഴപ്പിള്ളിക്കര, തൃശ്ശൂർ - 680702 |
| ശ്രീ.ബി. ശ്രീകുമാർ, അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | യു.ഡി.7, ഇറിഗേഷൻ ക്വാർട്ടേഴ്സ്, മലമ്പുഴ(പി.ഒ), പാലക്കാട്-678651 |
| ശ്രീ.കെ.എസ്. ഉണ്ണി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരുവെമ്പ് ഗ്രാമ പഞ്ചായത്ത് | 14/481, പനംതൊടിക, മന്നത്തുകാവ്, തണ്ണിശേരി പി.ഒ, പാലക്കാട് - 678501 |
| ശ്രീ.വൈ.ഷെറീഫ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | ബിസ്മി നഗർ, നണ്ടൻകിഴായ, ആനമാറി(പി.ഒ), പാലക്കാട്-678506 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം., തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1996-97 | എൽ.എഫ്.പി.8/ 277/98 തീയതി 14-7-18 | 5 |
| 1997-98 | എൽ.എഫ്.പി.10/143/2000/ തീയതി 17.08.2000 | 9 |
| 1998-99 | എൽ.എഫ്.പി.5/144/2000 തീയതി 9.09.2000 | 11 |
| 1999-2000 | എൽ.എഫ്.പി. 8/655/01 തീയതി 14.08.2001 | 5 |
| 2000-01 | എൽ.എഫ്.പി. 13/01/04 തീയതി 12.01.2004 | 9 |
| 2001-02 | എൽ.എഫ്.പി. 14/682/2004 തീയതി | 3 |
| 2002-03 | എൽ.എഫ്.പി.8/419/05 തീയതി 12.09.2006 | 0 |
| 2003-04 | എൽ.എഫ്.പി.9-1096/06 തീയതി 27.03.2007 | 20 |
| 2004-05 | എൽ.എഫ്.പി.9-1097/06 തീയതി 11.05.2007 | 19 |
| 2005-06 | എൽ.എഫ്.പി.9/1098/06 തീയതി 16.05.2007 | 10 |
| 2006-07 | എൽ.എഫ്.പി.9/141/09 തീയതി 13.11.2009 | 1 |
| 2007-08 | എൽ.എഫ്.പി.9/142/09 തീയതി 13.11.2009 | 7 |
| 2008-09 | എൽ.എഫ്.പി.19/597/2011 തീയതി 8.02.2012 | 5 |
| 2009-10 | എൽ.എഫ്.പി.19/598/2011 തീയതി 8.02.2012 | 9 |
| 2010-11 | എൽ.എഫ്.പി. 19/257/11 തീയതി 27.03.13 | 11 |
| 2011-12 | എൽ.എഫ്.പി.19/387/14 തീയതി 05.05.14 | 12 |
| 2012-13<br>2013-14 | എൽ.എഫ്.പി.19/1402/15 തീയതി 14.01.16 | 23 |
| 2014-15 | എൽ.എഫ്.പി.19/1086/16 തീയതി 16.07.18 | 11 |
| 2015-16 | എൽ.എഫ്.പി.19/88/2017 തീയതി 11.01.17 | 15 |
| 2016-17 | എൽ.എഫ്.പി.19/1939/2017 തീയതി 8.11.17 | 17 |
| 2017-18 | കെ.എസ്.എ-പികെഡി-19/2029/18 തിയതി 4-10-2018 | 29 |
| 2018-19 | കെ.എസ്.എ-പികെഡി-19/1557/19 തിയതി 30-1-2020 | 33 |
| 2019-20 | കെ.എസ്.എ -പികെഡി19/891/2020 തിയതി 12-04-2021 | 32 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്ക് -വിവിധ പത്രികകൾ

| | | | |
|---|---|---|---|
| Vadavannur Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 8685556.00 |
| Cash | Cash | RP-40(a) | 39621.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 683300.00 |
| 130000000 | Rental income from Panchayat Properties | RP-3 | 119000.00 |
| 140000000 | Fees & User Charges | RP-4 | 597264.00 |
| 150000000 | Sale & Hire Charges | RP-5 | 221302.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 59143009.00 |
| 171000000 | Interest Earned | RP-9 | 45934.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9005970.00 |
| 340000000 | Deposits Received | RP-34 | 3755.00 |
| 350000000 | Other Liabilities | RP-36 | 277261.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 84624.00 |
| 330000000 | Secured Loans | RP-32 | 1400000.00 |
| 340000000 | Deposits Received | RP-34 | 219559.00 |
| 350000000 | Other Liabilities | RP-36 | 312321.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1930752.00 |
| 460000000 | Loans, Advances and Deposits | RP-47 | 541505.00 |
| | Grand total | | 83310733.00 |
| | PAYMENTS | | |
| | | | |

| | | | |
|---|---|---|---|
| | Operating | | |
| 210000000 | Establishment Expenses | RP-11 | 1870193.00 |
| 220000000 | Administrative Expenses | RP-12 | 1219197.00 |
| 230000000 | Operations & Maintenance | RP-13 | 1272419.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 9985173.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 9522565.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 6180520.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1942090.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 3109570.00 |
| 255000000 | Maintenance Projects | RP-20 | 7403499.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 50000.00 |
| 280000000 | Prior Period item | RP-26 | 175117.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7850272.00 |
| 340000000 | Deposits Received | RP-34 | 9596.00 |
| 350000000 | Other Liabilities | RP-36 | 4883234.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 4317.00 |
| 340000000 | Deposits Received | RP- | 107817.00 |

| | | | |
|---|---|---|---|
| | | 34 | |
| 350000000 | Other Liabilities | RP-36 | 1741939.00 |
| 410000000 | Fixed Assets | RP-38 | 4781381.00 |
| 412000000 | Capital work in Progress | RP-40 | 8830215.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3573286.00 |
| 440000000 | Pre-paid Expenses | RP-45 | 640000.00 |
| 460000000 | Loans, Advances and Deposits | RP-47 | 607348.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7550985.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 83310733.00 |

Vadavannur Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2870645.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 126630.00 |
| 140000000 | Fee & User Charges | I-4(b) | 1029264.00 |
| 150000000 | Sale & Hire Charges | I-5(b) | 221777.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 121887078.00 |
| 171000000 | Interest Earned | I-8 | 45934.00 |
| 180000000 | Other Income | I-9 | 84624.00 |
| | Total Income | | 126265952.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8616565.00 |
| 220000000 | Administrative Expenses | I-11(b) | 1219197.00 |
| 230000000 | Operations & Maintenance | I-12(b) | 1272419.00 |
| 240000000 | Interest & Finance Charges | I-13 | 4317.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9985173.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 44341346.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6180520.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1942090.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 43539270.00 |
| 255000000 | Maintenance Projects | I-14(e) | 7403499.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 50000.00 |
| | Total Expenditure | | 124554396.00 |
| | Gross Surplus/ Deficit of | | 1711556.00 |

| | | | |
|---|---|---|---|
| | income over Expenditure | | |
| 280000000 | Prior Period Item | I-18 | 157017.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1554539.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Vadavannur Grama Panchayat BALANCE SHEET

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 16147380.95 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 73112969.00 |
| | Total Reserve & Surplus | | 89260349.95 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4715304.00 |
| | Total Grants, Contributions for Specific Purposes | | 4715304.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 17826614.00 |
| | Total Loans | | 17826614.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 335434.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1332252.05 |
| | Total Current Liabilities and Provisions | | 1667686.05 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 113469954.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 84178997.00 |
| 411000000 | Accumulated Depreciation | B-11 | -613180.00 |
| 412000000 | Capital Work in Progress | B-11(a) | 574718.00 |
| | Total Fixed Assets | | 84140535.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 4432565.00 |
| 440000000 | Pre-paid Expenses | B-16 | 17066614.00 |
| 450000000 | Cash and Bank Balance | B-17 | 7550985.00 |
| 460000000 | Loans, Advances and Deposits | B-18 | 279255.00 |
| | Total Current Assets, Loans and Advances | | 29329419.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 113469954.00 |